VOL NO: 07 I ISSUE 26
www.nerpatham.com
mail@nerpatham.com
2023 JULY 01 I ₹10

# നേർപഥം

വാരിക



# വെറുപ്പിന്റെ കഥ കഴിയുന്നു

വൈവിധ്യങ്ങളെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയാൽ വ്യക്തികൾക്കും സമൂഹത്തിനും ഗുണമല്ലാതെ ഒന്നും പകരം ലഭിക്കില്ല. എന്നാൽ അതിലേക്ക് വെറുപ്പിന്റെ വിഷജലം കലർത്തിയാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്ത് ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറമായിരിക്കും. നിർഭാഗ്യവശാൽ സ്നേഹത്തിന്റെ പനനീർദളങ്ങൾ അടർന്നുമാറി വെറുപ്പിന്റെ കൂർത്ത മുള്ളുകൾ ബാക്കിയാവുന്ന ഇന്ത്യൻ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. സമാധാനജീവിതം തിരിച്ചുപിടിച്ചേ മതിയാവൂ.

## ആഴക്കടലിലെ അന്ധകാരം

|| സംഘടിത പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ

|| പ്രാർഥന; നാം അറിയേണ്ട ചില കാര്യങ്ങൾ

|| ജന്നതുൽ ബക്വീഉം ബഹശ്തീ മക്വ്ബറയും ഒരുപോലെയെന്നോ?

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS

PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

0336
നേർപഥം
വാരിക
2023 ജൂലൈ 01
1444 ദുൽഹിജ്ജ 13
പുസ്തകം 07 / ലക്കം 26




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി 10

# വെറുപ്പിന്റെ കഥ കഴിയുന്നു!

ടി.കെ അശ്റഫ്



മുഖമൊഴി 05
സംഘടിത പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ

ലേഖനം 06
ജന്നതുൽ ബക്വീഉം ബഹശ്തീ മക്വ്ബറയും ഒരുപോലെയെന്നോ?
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം 26
ആഴക്കടലിലെ അന്ധകാരം
ഡോ. ടി. കെ യൂസുഫ്

നിയമപഥം 09
മാപ്പുസാക്ഷിയും മരണമൊഴിയും
അബൂആദം അയ്മൻ

ആരോഗ്യപഥം 28
മഴക്കാലം പനിക്കാലമോ?
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

ലേഖനം 18
പ്രാർഥന; നാം അറിയേണ്ട ചില കാര്യങ്ങൾ
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ക്വുർആൻ ദർശനം 30
സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം 22
നാം ആത്മാർഥതയുള്ളവരാണോ?
ശൈഖ് അബൂമാലിക് അബ്ദുൽ ഹമീദ് അൽജുഹനി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

കാഴ്ച 34
കാര്യം നേടാനുള്ള ചിരി!
ഇബ്നു അലി



ചലനങ്ങൾ

# സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്യപ്പെടുന്നത് കർശനമായി തടയണം:

## വിസ്ഡം സംസ്ഥാന പ്രതിനിധി സമ്മേളനം

തിരൂർ: വ്യക്തിസ്വാതന്ത്ര്യം മറയാക്കി പൊതു പ്ലാറ്റ്ഫോമായ സോഷ്യൽ മീഡിയ ഉപയോഗിച്ച് സമൂഹത്തെ തെറ്റായ ദിശയിലേക്ക് നയിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കണമെന്ന് തിരൂരിൽ സമാപിച്ച വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു.

വ്യക്തിസ്വാതന്ത്ര്യത്തെ പൊതുവിടങ്ങളിൽ എന്തും പറയാനും പ്രവർത്തിക്കാനുമുള്ള അവകാശമായി കണക്കാക്കുന്നത് നീതീകരിക്കാനാവില്ല. ഇന്ത്യയിലെ സവിശേഷമായ രാഷ്ട്രീയ സാഹചര്യത്തിൽ പ്രാദേശിക രാഷ്ട്രീയ പാർട്ടികളെ ഉൾക്കൊണ്ട് ദേശീയ മതേതര മുന്നണി ശക്തിപ്പെടുത്താൻ കോൺഗ്രസ്സ് മുന്നോട്ട് വരണം. കർണാടകയിലെ നിയമസഭാ തെരഞ്ഞെടുപ്പ് വിജയം മതനിരപേക്ഷ സമൂഹത്തിന് വലിയ പ്രതീക്ഷ നൽകുന്നതാണ്. ഇത് ഉൾക്കൊണ്ട് കർമപദ്ധതി തയ്യാറാക്കാനും രാജ്യനന്മക്ക് വേണ്ടി ഇച്ഛാശക്തിയുള്ള തീരുമാനങ്ങൾ എടുക്കാനും കോൺഗ്രസ്സിന് സാധിക്കണമെന്നും പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലക്ക് കളങ്കമുണ്ടാക്കുന്നവിധം നടക്കുന്ന സർട്ടിഫിക്കറ്റ് തട്ടിപ്പ് കേസുകൾ അന്വേഷണവിധേയമാക്കണം. പൊതുവിദ്യാഭ്യാസമേഖലയെ ശാക്തീകരിക്കാനുള്ള പ്രത്യേക പദ്ധതികൾ കൊണ്ടുവരണം. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലൈംഗിക അരാജകത്വവും മദ്യാസക്തിയും വർധിപ്പിക്കാനുള്ള ഗൂഢസംഘങ്ങളുടെ ശ്രമങ്ങൾക്ക് ജനകീയ പ്രതിരോധം തീർക്കണമെന്നും പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു.

കുടുംബ ബന്ധങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി ജില്ലാ കേന്ദ്രങ്ങളിൽ ഫാമിലി കോൺഫറൻസ് സംഘടിപ്പിക്കും. വിസ്ഡം യൂത്തിന്റെ ആഭിമുഖ്യത്തിൽ 'പ്രൊഫൈസ്' പ്രൊഫഷണൽ ഫാമിലി കോൺഫറൻസും ക്വുർആൻ സമ്മേളനവും; സ്റ്റുഡന്റ്സ് വിംഗിന്റെ ആഭിമുഖ്യത്തിൽ 'പ്രൊഫ്കോൺ' പ്രൊഫഷണൽ സ്റ്റുഡൻസ് കോൺഫറൻസും (സെപ്റ്റം 8,9,10, കോഴിക്കോട്) നടക്കും.

പ്രതിനിധി സമ്മേളനം വിസ്ഡം പണ്ഡിതസഭ ചെയർമാൻ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി. എൻ അബ്ദുല്ലത്തീഫ് മദനി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, ഭാരവാഹികളായ സി.പി.സലീം, അബൂബക്കർ സലഫി, കെ.സജ്ജാദ്, അബ്ദുൽ മാലിക് സലഫി, ഹാരിസ് ബിൻ സലീം, റഷീദ് കുട്ടമ്പൂർ, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർശദ് അൽഹികമി, കുവൈറ്റ് കേരള ഇസ്‌ലാഹി സെന്റർ വൈസ് പ്രസിഡന്റ് സി.പി. അബ്ദുൽ അസീസ്, യു.എ.ഇ ഇസ്‌ലാഹി സെന്റർ സെക്രട്ടറി വി.കെ. മുഹമ്മദ് യാസിർ എന്നിവർ പ്രസംഗിച്ചു.

# വിസ്ഡം ഗേൾസ് 'ജാലകം' സഹവാസ ക്യാമ്പുകൾ സംഘടിപ്പിച്ചു

കോഴിക്കോട്: നന്മയുടെ പുതിയ ലോകത്തേക്ക് ജാലകം തുറന്ന് വിസ്ഡം ഇസ്‌ലാമിക് ഗേൾസ് ഓർഗനൈസേഷൻ ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലെ വിദ്യാർഥിനികൾക്കായി ജില്ലാതലത്തിൽ സംഘടിപ്പിച്ച 'ജാലകം' സഹവാസ ക്യാമ്പുകൾക്ക് സമാപനമായി.

അറിവിന്റെയും തിരിച്ചറിവിന്റെയും പുതിയ പാഠങ്ങളാണ് ജാലകം ക്യാമ്പുകൾ പകർന്നു നൽകിയത്. ജീവിതം ആഘോഷിക്കാൻ മാത്രമുള്ളതാണെന്ന പുതിയ തലമുറയുടെ കാഴ്ചപ്പാടുകളിൽനിന്നും ലക്ഷ്യബോധമുള്ള ഒരു സമൂഹത്തിന്റെ പിറവിയിലേക്ക് വിദ്യാർഥിനികളെ നയിക്കുന്നതായിരുന്നു ക്യാമ്പിലെ വിവിധ സെഷനുകൾ.

ജീവിതത്തിന്റെ ലക്ഷ്യവും കാഴ്ചപ്പാടുകളും, ജീവിതത്തിൽ പകർത്തേണ്ട ധാർമിക മൂല്യങ്ങളും ക്യാമ്പുകൾ പകർന്നുനൽകി. നവലിബറൽ ചിന്തകളുടെ നിരർഥകതയും LGBTQ ആശയങ്ങളുടെ സാമൂഹിക പ്രത്യാഘാതങ്ങളും ബോധ്യപ്പെടുത്താൻ ക്യാമ്പുകൾക്കായി. നിരവധി വിദ്യാർഥിനികളെ ഉൾക്കൊള്ളിച്ചുകൊണ്ട് 14 ജില്ലാ കേന്ദ്രങ്ങളിലാണ് മൂന്ന് ദിവസം നീണ്ടുനിന്ന സഹവാസ ക്യാമ്പുകൾ സംഘടിപ്പിച്ചത്.

# സംഘടിത പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ

ഏത് സമൂഹത്തിലും തിന്മകൾ ഉടലെടുക്കുന്ന സമയത്ത് അത് ദുർബലമായിരിക്കും. ആ ഘട്ടത്തിൽ സമൂഹത്തിലെ ഉത്തരവാദപ്പെട്ട വ്യക്തികൾ ജാഗ്രത കാണിക്കുകയയും തിന്മയുടെ വക്താക്കൾക്ക് തക്കതായ മുന്നറിയിപ്പ് നൽകുകയുമാണെങ്കിൽ അത് കൂടുതൽ പടർന്നുപിടിക്കുകയില്ല. മറിച്ച് അതിനെ അവഗണിക്കുകയാണെങ്കിൽ പതുക്കെപ്പതുക്കെ അത് വേരുപിടിച്ചു വളരുകയും നിയന്ത്രിക്കാനാവാത്ത വിധം പടർന്നുപന്തലിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ അന്ധകാരം അവരെ മൂടിക്കളയും.

അത്തരത്തിൽ ജീർണതകളിൽ ആപതിച്ചവരെ തിരിച്ചുകൊണ്ടുവരേണ്ടത് വിവരമുള്ളവരുടെ ബാധ്യതയാണ് എക്കാലത്തും. പൗരോഹിത്യവും സ്വാർഥ താൽപര്യങ്ങളും മതത്തിന്റെ സംശുദ്ധലക്ഷ്യങ്ങൾക്ക് പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്ന വേളകളിൽ അക്കാര്യം സമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന ബാധ്യത നിർവഹിക്കുവാൻ കാലാകാലങ്ങളിൽ പണ്ഡിതന്മാർ രംഗത്തുവന്നിട്ടുണ്ട്; മുസ്‌ലിംകളുള്ളിടത്തെല്ലാം.

കേരളത്തിലെ മുസ്‌ലിം സമൂഹം വിശ്വാസ-കർമ മേഖലകളിലെല്ലാം അധഃപതിച്ച കാലഘട്ടത്തിൽ മതത്തിന്റെ ആദിമവിശുദ്ധിയിലേക്ക് അവരെ തിരിച്ചുവിളിക്കുവാൻ കുറെ മഹത്തുക്കൾ രംഗത്തുവന്നതിന്റെ അനന്തരഫലമാണ് മുസ്‌ലിംകൾക്കിടയിൽ ഇന്നു കാണുന്ന മതബോധവും വിദ്യാഭ്യാസ തൽപരതയുമെന്നതിൽ സംശയമില്ല. ഒറ്റതിരിഞ്ഞുള്ള പ്രവർത്തനത്തെക്കാൾ സംഘടിത പ്രവർത്തനങ്ങളാണ് ലക്ഷ്യപ്രാപ്തിയിലെത്താൻ സഹായകമെന്ന തിരിച്ചറിവാണ് മുൻഗാമികളായ പണ്ഡിതന്മാരെ ദഅ്‌വത്തിനായി കൂട്ടായ്മയുണ്ടാക്കുവാൻ പ്രേരിപ്പിച്ചത്.

പുണ്യത്തിലും ഭയഭക്തിയിലും പരസ്പരം സഹകരിക്കാൻ വിശ്വാസികളോട് ക്വുർആൻ നിർദേശിക്കുന്നു: "പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്" (5:2).മുആദുബ്ൻജബലി(റ)നെയും അബൂമൂസൽ അശ്അരി(റ)യെയും ദഅ്‌വത്തിനായി യമനിലേക്ക് പറഞ്ഞയച്ച നബി(സ്വ) അവരോട് പറയുകയുണ്ടായി: "നിങ്ങൾ പരസ്പരം സഹകരിക്കുക. ഭിന്നിക്കരുത്" (ബുഖാരി, മുസ്‌ലിം).

യാത്രയിൽ മൂന്നാളുണ്ടായാൽ ഒരാളെ നേതൃത്വം ഏൽപിക്കണമെന്ന് ശാസിക്കുന്ന ഹദീസിനെ വിശദീകരിച്ചുകൊണ്ട് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റഹി) പറഞ്ഞു: "യാത്രയിലുള്ള ചെറുകൂട്ടായ്മയിൽതന്നെ നേതൃത്വം വഹിക്കാനാളുണ്ടാവണമെന്ന് നബി(സ്വ) കൽപിച്ചു. മറ്റു കൂട്ടായ്മകളിലും ഇത് അനിവാര്യമാണ്. നന്മ കൽപിക്കലും തിന്മ വിരോധിക്കലും അല്ലാഹു നിർബന്ധമാക്കി. ശക്തിയും നേതൃത്വവുമില്ലാതെ അത് പരിപൂർണമാവുകയില്ല" (മജ്മൂഉൽ ഫതാവ,ാ വാള്യം 28, പേജ് 390).

ഒരു സംഘവും അതിന്റെ നേതാവും തമ്മിലുള്ള ബന്ധം എങ്ങനെയാകണമെന്നും ആ നേതാവിനെ അനുസരിച്ചുകൊണ്ട് സംഘടിതമായ പ്രവർത്തന പരിപാടികളിൽ അച്ചടക്കത്തോടെ സഹകരിക്കുന്നതിന്റെ പ്രാധാന്യവും ക്വുർആൻ 24:62ൽ പഠിപ്പിക്കുന്നത് കാണുവാൻ കഴിയും.

ശൈഖ് ഉസൈമീൻ(റഹ്) പറയുന്നു: "കൂട്ടായ്മയില്ലാതെ ചിതറിക്കിടക്കുന്ന സമൂഹത്തിന് ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ കഴിയുകയില്ല. മനുഷ്യൻ സാമൂഹ്യ പ്രകൃതിയുള്ളവനാണ്. ഏത് കാര്യത്തിനും അല്ലാഹുവിന്റെ സഹായം കഴിഞ്ഞാൽ പിന്നെ സൃഷ്ടികളിൽനിന്നുതന്നെ സഹായിക്കുന്നവരുണ്ടാകേണ്ടത് ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ അഭിപ്രായപ്പെടുന്നത് ന്യൂനപക്ഷ പ്രദേശങ്ങളിൽ അല്ലാഹുവിലേക്ക് ദഅ്‌വത്ത് നടത്തുന്ന സംഘടന രൂപീകരിക്കണമെന്നാണ്. അവർക്ക് അവലംബിക്കാവുന്ന ഒരു നേതാവുമുണ്ടായിരിക്കണം" (അഹമ്മിയത്തുൽ ഇൽതിസാം ബിൽഇസ്‌ലാം, പേജ് 33).

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 22

# ജന്നതുൽ ബക്വീഉം ബഹശ്തീ മക്വ്ബറയും ഒരുപോലെയെന്നോ?

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

വാർഷിക സമ്മേളനത്തിന് ഖാദിയാനിൽ വന്നിട്ടും ബഹശ്തീ മക്ബറ സന്ദർശിക്കാത്ത അഹ്മദികളെ ആക്ഷേപിച്ചു കൊണ്ടുള്ള പരിപാലന കമ്മിറ്റിയുടെ കുറിപ്പ് വായിക്കാം:

"വാർഷിക സമ്മേളനത്തിന് വരുന്ന അഹ്മദി സഹോദരന്മാർ ഖാദിയാനിൽ വന്നിട്ടും, മഹാനായ റസൂൽ തിരുമേനി സലാം പറയാനേൽപിച്ച അല്ലാഹുവിന്റെ വിശിഷ്ടദാസൻ മസീഹ് മൗഊദിന്റെ പ്രഭാപൂരിതമായ അന്ത്യവിശ്രമസ്ഥലം-ബഹശ്തീ മക്ബറ-സന്ദർശിക്കാതെ തിരിച്ചുപോകുന്നത് എത്ര ഖേദകരമാണ്! മദീനാമുനവ്വറയുടെ പ്രതിഛായയായ റൗദാശരീഫിൽനിന്ന് പ്രകാശകിരണങ്ങൾ നിങ്ങളെ തലോടും. അഹ്മദിയ്യ ഹജ്ജുൽ അക്ബർ കഴിഞ്ഞുപോകുന്ന നിങ്ങൾക്ക് ഈ മഹത്തായ അനുഗ്രഹം നിഷേധിക്കപ്പെട്ടുകൂടാ. സമ്മേളനത്തിന് മുമ്പോ പിമ്പോ ഇതിനു സമയം കണ്ടെത്തുക" (അൽഫസൽ, 18.12.1922).

ബഹശ്തീ മക്ബറ സന്ദർശിക്കുന്നത് വിശുദ്ധ റൗദാശരീഫ് സന്ദർശിക്കുന്നതിന് തുല്യവും അവിടെ മറവുചെയ്യപ്പെടുന്നത് ഉമറി(റ)ന്റെയും അബൂബക്റി(റ)

> **ബഹശ്തീ മക്ബ്വറ സന്ദർശിക്കുന്നത് വിശുദ്ധ റൗദാശരീഫ് സന്ദർശിക്കുന്നതിന് തുല്യവും അവിടെ മറവുചെയ്യപ്പെടുന്നത് ഉമറി(റ)ന്റെയും അബൂബക്റി(റ)ന്റെയും അരികെ മറവുചെയ്യപ്പെടുന്നതിന് സദൃശവുമാണ് എന്നാണ് ഖാദിയാനീ ഭാഷ്യം. സ്വന്തം അസ്തിത്വത്തിന് വേണ്ടത്ര പവിത്രയില്ലെന്ന ബോധമാവാം അവരെക്കൊണ്ട് ഇതൊക്കെ പറയിപ്പിക്കുന്നത്. സ്വർഗപ്രവേശനത്തിനുള്ള ഈ കുറുക്കുവഴിയെ വിമർശിക്കുന്നവർക്ക് ഖാദിയാനികൾ നൽകുന്ന മറുപടി, പരാമർശം പോലും അർഹിക്കുന്നില്ല.**

ന്റെയും അരികെ മറവുചെയ്യപ്പെടുന്നതിന് സദൃശവുമാണ് എന്നാണ് ഖാദിയാനീ ഭാഷ്യം. സ്വന്തം അസ്തിത്വത്തിന് വേണ്ടത്ര പവിത്രയില്ലെന്ന ബോധമാവാം അവരെക്കൊണ്ട് ഇതൊക്കെ പറയിപ്പിക്കുന്നത്.

സ്വർഗപ്രവേശനത്തിനുള്ള ഈ കുറുക്കുവഴിയെ വിമർശിക്കുന്നവർക്ക് ഖാദിയാനികൾ നൽകുന്ന മറുപടി, പരാമർശം പോലും അർഹിക്കുന്നില്ല. മൗലവി അല്ലാദിത്താ പറയുന്നു:

“ഹസ്രത്ത് മസീഹ് (അ) തന്റെ സ്വഹാബാക്കൾക്ക് സ്വർഗത്തിലുള്ള സ്ഥാനം കാണിച്ചുകൊടുക്കുമെന്ന് സ്വഹീഹായ ഹദീസുകളിലുണ്ട്. മുസ്‌ലിം, വാള്യം 2, പേജ് 515 നോക്കുക. ഈ പ്രസ്താവനയുടെ പ്രാവർത്തിക രൂപമാണ് ബഹശ്തീ മക്ബറ. ഹുസൂർ(സ)യുടെ പ്രവചനങ്ങളെ കളവാക്കുകയല്ല മസീഹിന്റെ നിയോഗലക്ഷ്യം; മറിച്ച് സത്യപ്പെടുത്തുകയാണ്. നബി(സ) തന്റെ പത്ത് സ്വഹാബാക്കൾക്ക് സ്വർഗപ്രവേശന വാർത്ത അറിയിച്ചിരുന്നു. അതിന് സദൃശമായി മസീഹ്(അ) തന്റെ അനുയായികൾക്ക് സ്വർഗം വാഗ്ദാനം ചെയ്തെങ്കിൽ അതിൽ അത്ഭുതപ്പെടാനെന്തുണ്ട്?” (തഫ്ഹീമാതെ റബ്ബാനിയ്യ, പേജ് 556, 557).

### സദൃശ ശ്മശാനം

ഖാദിയാനി ചീഫ് മിഷനറി ഈ മറുപടി പകർത്തിയെഴുതിയ ശേഷം തന്റെ വകയായി മറ്റൊരു സദൃശ സിദ്ധാന്തം കൂടി ഉന്നയിക്കുന്നു:

‘‘മദീനയിൽ ജന്നതുൽ ബക്വീഅ് എന്ന പേരിൽ ഒരു അനുഗൃഹീത ശ്മശാനം സ്ഥിതിചെയ്യുന്നുവെന്നും കഴിഞ്ഞ പതിനാല് നൂറ്റാണ്ടായി മുസ്‌ലിം ലോകം അതിന് പ്രത്യേക പ്രാധാന്യം കൽപിച്ചുവരുന്നുവെന്നുമുള്ള വസ്തുത ആക്ഷേപകൻ മറന്നുപോയതായിരിക്കും. ജന്നതുൽ ബക്വീഅ് ഒരർഥത്തിൽ ബഹശ്തീ മക്ബറ തന്നെയാണല്ലോ. അതിന്റെ ഒരു പ്രതിഛായയാണ് ഖാദിയാനിലെ ബഹശ്തീ മക്ബറയെന്ന് ധരിക്കുന്നത് സംഗതമാണ്’’ (സത്യദൂതൻ, മാർച്ച് 1983).

മദീനയിലെ ക്വബ്ർസ്ഥാന് ‘ജന്നതുൽ ബക്വീഅ്’ എന്നാണ് പേരെങ്കിലും ഖാദിയാനി മിഷനറി പറയുന്നതുപോലെ മുസ്‌ലിംകൾ അതിനൊരു പവിത്രതയും കൽപിക്കുന്നില്ല. അവിടെ മറവു ചെയ്യപ്പെടുന്നതിന് നിർണിത സ്വത്തോ ഫീസോ മറ്റു നിബന്ധനകളോ വസിയ്യത്തോ നബി(സ്വ) ഉണ്ടാക്കിയിട്ടില്ല. മദീനക്ക് പുറത്തുള്ളവർ അവിടെ ശവപ്പെട്ടികളുമായി ക്യൂ നിൽക്കാറുമില്ല. പക്ഷേ, ഖാദിയാനിലെ സ്ഥിതിയതാണോ? മക്ബറ പരിപാലന കമ്മിറ്റിയുടെ ഒരു പത്രപ്പരസ്യം നോക്കൂ:

“വാർഷിക സമ്മേളനത്തിന് വരുന്ന ജമാഅത്തംഗങ്ങൾ മരണപ്പെട്ട മുവസ്സികളുടെ (വസ്വിയ്യത്ത് ചെയ്തവരുടെ) ശവപ്പെട്ടിയുമായി വരുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടുണ്ട്. സമയക്കുറവുകൊണ്ട് അവ സ്വീകരിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് താഴെ കൊടുത്ത കാര്യങ്ങൾ ശ്രദ്ധിക്കുക:

1. ബഹ്ശ്തീ മക്ബറയിലേക്ക് ശവപ്പെട്ടിയുമായി വരുന്നവർ ചുരുങ്ങിയത് ഒരുമാസം മുമ്പെങ്കിലും വിവരമറിയിക്കുക.

2. ക്വബ്റും മറ്റും ശരിപ്പെടുത്താൻ സമയം കിട്ടുന്നതിനായി, സമ്മതം കിട്ടിയ ആളുകൾ ശവപ്പെട്ടിയുമായി വരുന്ന വിവരം മുൻകൂട്ടി അറിയിക്കുക.

എന്ന്

സെക്രട്ടറി,

ബഹശ്തീ മക്ബറ പരിപാലന കമ്മിറ്റി, ഖാദിയാൻ” (ബദ്ർ, 19.11.1981).

ഹജ്ജുൽ അക്ബർ, നിഴൽ ഹജ്ജ് എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന ഡിസംബറിലെ വാർഷികസമ്മേളനത്തിന്റെ ഈ ചിത്രമൊന്നു സങ്കൽപിച്ച് നോക്കൂ: ശവപ്പെട്ടിയും തലയിലേറ്റിവരുന്ന സമ്മേളന പ്രതിനിധികൾ, വസ്വിയ്യത്ത് ചെയ്തവന്റെ തിരിച്ചറിയൽ കാർഡ് പരിശോധിച്ച് അത് സ്വീകരിക്കാൻ ഏർപ്പെടുത്തിയ ശവപ്പെട്ടി കൗണ്ടർ, ക്വബ്ർ വെട്ടിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾ, നഷ്ടദുഃഖവും പേറി വെറും മീസാൻ കല്ലുമായി വന്ന ഹതഭാഗ്യർ!

ലാഹോരി മുഖപത്രം പൈഗാമെ സുൽഹ് എഴുതി: “ഒരു ഖാദിയാനിയെ നിബന്ധനകൾ പൂർത്തീകരിക്കാതെ ബഹശ്തീ മക്ബറയിൽ സംസ്കരിക്കുകയും കാര്യം ബോധ്യമായതോടെ

(സ്വർഗത്തിലെത്തും മുമ്പേ) ശവം മാന്തിയെടുത്ത് മറ്റൊരിടത്ത് മറവു ചെയ്യുകയും ചെയ്ത സംഭവം ശരിയാണെങ്കിൽ, ഖാദിയാനീ നേതൃത്വത്തിന്റെ നിർലജ്ജതയുടെ ഏറ്റവും വലിയ ഉദാഹരണമാണിതെന്ന് വേണം കരുതാൻ.''

വസ്വിയ്യത്ത് ചെയ്തപ്പോൾ കൊടുത്ത തിരിച്ചറിയൽ കാർഡ് പരിശോധിക്കാതെയോ വ്യാജ സർട്ടിഫിക്കറ്റ് ഹാജറാക്കിയോ ആവാം അയാൾ ചുളുവിൽ സ്വർഗത്തിൽ പോകാൻ ശ്രമിച്ചത്. ഖാദിയാനീ നേതൃത്വം അവസരത്തിനൊത്തുയർന്ന് അയാളെ പിടലിക്ക് പിടിച്ച് പുറത്താക്കിയത് ലാഹോരികൾക്ക് നിർലജ്ജതയായി തോന്നാമെങ്കിലും ഖാദിയാനീ ബുദ്ധിജീവികൾക്കതിൽ ലജ്ജിക്കാതിരിക്കാൻ മാത്രം ചർമസൗഭാഗ്യമുണ്ടല്ലോ!

അതേസമയം മരിച്ച് മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞ് ഖാദിയാനിലേക്ക് കൊണ്ടുപോകുന്ന ഭൗതികാവശിഷ്ടം വസ്വിയ്യത്ത് ചെയ്ത ആളുടേത് തന്നെയാണെന്ന് ഉറപ്പുവരുത്താൻ ഈ തിരിച്ചറിയൽ കാർഡുകൊണ്ട് സാധിക്കുമോ? ഖാദിയാനി കുഞ്ഞാടുകൾക്ക് ഒന്ന് ചിന്തിച്ചുകൂടേ?

**സദൃശ കഴുകന്മാർ!**

എന്തൊക്കെ പറഞ്ഞാലും ഖാദിയാനീ പ്രവാചകന്റെ ലക്ഷ്യം സാമ്പത്തികനേട്ടം തന്നെയായിരുന്നു. 1905ൽ തുടങ്ങിയ ഈ പദ്ധതിയിൽ അതേവർഷംതന്നെ മൂവായിരം രൂപയും 1906ൽ പതിനൊന്നായിരം രൂപയും ലഭിച്ചുവെങ്കിൽ ഇതൊരു 'വൻപദ്ധതി'യാണെന്നുതന്നെ കരുതാം.

കേരളത്തിലെ, ഖാദിയാനിയായ ഒരു പ്രമുഖ വ്യവസായിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'നിങ്ങൾ പറയുന്നതാണ് ശരിയെങ്കിൽ എനിക്ക് വർഷത്തിൽ മൂന്നര കോടി രൂപ ലാഭിക്കാമായിരുന്നു.' വരുമാനത്തിന്റെ 6% ചന്ദയും 10% ബഹശ്തീ മക്ബറ ഫീസും ചേർത്ത് അദ്ദേഹത്തിന്റെ വാർഷിക വരുമാനത്തിന്റെ 16 ശതമാനമാണ് ഈ മൂന്നരക്കോടി രൂപ! ഖാദിയാനി പ്രവാചകൻ കള്ളവാദിയാണെങ്കിൽ ഈ സംഖ്യ കൊടുക്കാതിരിക്കാം എന്നായിരുന്നു അദ്ദേഹം ഉദ്ദേശിച്ചത്.

മഹാകവി ഇഖ്ബാലിന്റെ ഭാഷയിൽ, "ഖബ്ർ വിറ്റു തിന്നുന്ന ചിലർക്ക് സമാനമായി ഖാദിയാനീ പ്രവാചകൻ ഖബ്ർസ്ഥാൻ വിറ്റു തിന്നുന്നു"വെന്നു മാത്രം.

ആനുഷങ്കികമായി പറയട്ടെ, ഞങ്ങളുടെ നാട്ടിലെ ഒരാൾ ഖാദിയാനിസം വിട്ടപ്പോൾ, മക്ബറയുടെ ഫീസായി നൽകിയ വരുമാനത്തിന്റെ 10% ആയ ഏഴ് ലക്ഷത്തോളം രൂപ തിരിച്ചു ചോദിച്ചു. നാൽപതു വർഷത്തോളം കൊടുത്ത വരിസംഖ്യ (ചന്ദ) വിട്ടുകൊടുത്ത സാമാന്യ മര്യാദ, മരണശേഷം തനിക്ക് ആവശ്യമില്ലാത്ത മക്ബറക്ക് വേണ്ടി കൊടുത്ത പണം തിരിച്ചു നൽകുന്നേടത്ത് അവർ പാലിച്ചില്ല. ഇടക്ക് വേണ്ടെന്നുവച്ചാൽ അതുവരെ അടച്ച തുക തിരിച്ചു തരില്ലെന്ന് ബഹശ്തീ മക്ബറയുടെ മാന്വലിൽ കാണിച്ചു തരാനും അവർക്കായില്ല! അതേസമയം വസ്വിയ്യത്ത് ചെയ്ത ഒരാൾ പണം കൊടുത്തുകൊണ്ടിരിക്കെ ഇടയ്ക്ക് ആറ് മാസക്കാലം കൊടുക്കാതിരുന്നാൽ, അടച്ച സംഖ്യ തിരിച്ചു കൊടുക്കുകയില്ലെന്നും ബഹശ്തീ മക്ബറയിൽ മറവുചെയ്യില്ലെന്നും ഖലീഫ മഹ്മൂദ് അഹ്മദ് പരസ്യം ചെയ്തിരുന്നു. (അൽഫസൽ 11. 12. 1936).

കടക്കെണിയിൽ പെട്ടോ സാമ്പത്തിക പ്രയാസമോ കാരണത്താൽ പണം അടക്കാതിരിക്കുന്നവന്റെ കാര്യത്തിലാവാം ഈ നിയമം. ഖാദിയാനിസം വിട്ടവനെ സംബന്ധിച്ചടത്തോളം അടച്ച പണം തിരിച്ചു നൽകുന്നതല്ലേ ന്യായവും മര്യാദയും?

രണ്ടാം ഖലീഫ മഹ്മൂദ് അഹ്മദ് തന്റെ ഭരണ കാലത്ത് വസ്വിയ്യത്ത് വർധിപ്പിക്കാൻ വേണ്ടി വളരെ യത്നിച്ചിരുന്നു. അദ്ദേഹം പരസ്യം ചെയ്തു: "വസ്വിയ്യത്ത് ചെയ്യാത്തവൻ കപടവിശ്വാസിയാണെന്ന് മസീഹ്(അ) പറഞ്ഞിരിക്കെ, ചുരുങ്ങിയത് സ്വത്തിന്റെ പത്തിലൊരംശം വസ്വിയ്യത്ത് ചെയ്യാതിരിക്കൽ അഹ്മദിക്ക് നിഷിദ്ധമാണ്'' (മിൻഹാജുത്ത്വാലിബീൻ, പേജ് 16).

സാമ്പത്തിക കാര്യങ്ങളിൽ പിതാവിനെപ്പോലെ മകനും വളരെ കണിശക്കാരനായിരുന്നു; ധൂർത്തിന്റെയും ദുർവ്യയത്തിന്റെയും കാര്യത്തിൽ രണ്ടുപേരും അനുയായികളുടെ പഴിയും കേട്ടിരുന്നു.

**രണ്ടാം ഖലീഫ മഹ്മൂദ് അഹ്മദ് തന്റെ ഭരണ കാലത്ത് വസ്വിയ്യത്ത് വർധിപ്പിക്കാൻ വേണ്ടി വളരെ യത്നിച്ചിരുന്നു. അദ്ദേഹം പരസ്യം ചെയ്തു: "വസ്വിയ്യത്ത് ചെയ്യാത്തവൻ കപടവിശ്വാസിയാണെന്ന് മസീഹ്(അ) പറഞ്ഞിരിക്കെ, ചുരുങ്ങിയത് സ്വത്തിന്റെ പത്തിലൊരംശം വസ്വിയ്യത്ത് ചെയ്യാതിരിക്കൽ അഹ്മദിക്ക് നിഷിദ്ധമാണ്'' (മിൻഹാജുത്ത്വാലിബീൻ, പേജ് 16). സാമ്പത്തിക കാര്യങ്ങളിൽ പിതാവിനെപ്പോലെ മകനും വളരെ കണിശക്കാരനായിരുന്നു; ധൂർത്തിന്റെയും ദുർവ്യയത്തിന്റെയും കാര്യത്തിൽ രണ്ടുപേരും അനുയായികളുടെ പഴിയും കേട്ടിരുന്നു.**



നമ്മുടെ രാജ്യത്തെ കോടതികൾ 27

# മാപ്പുസാക്ഷിയും മരണമൊഴിയും

**അബൂആദം അയ്മൻ**

### മാപ്പുസാക്ഷി

സെഷൻസ് കോടതികളിലും അസിസ്റ്റന്റ് സെഷൻസ് കോടതികളിലും സ്പെഷൽ കോടതികളിലും വിചാരണചെയ്യുന്നതും, പ്രതിക്ക് ഏഴോ അതിലധികമോ വർഷത്തെ തടവുശിക്ഷ നൽകാവുന്നതുമായ കേസുകളിൽ, ആവശ്യമായ തെളിവുകൾ ലഭിക്കുക പ്രയാസമായിവരുമ്പോൾ, കുറ്റകൃത്യത്തിൽ പങ്കുള്ളവരെന്നു സംശയിക്കപ്പെടുന്നവർക്കു മാപ്പു നൽകി, അവരെ സാക്ഷികളായി വിസ്തരിക്കാറുണ്ട്. അറിവിൽപ്പെട്ട എല്ലാ വസ്തുതകളും സാഹര്യങ്ങളും പൂർണമായും സത്യസന്ധമായും ബോധിപ്പിച്ചുകൊള്ളണമെന്ന വ്യവസ്ഥയിന്മേൽ മാപ്പുനൽകപ്പെടുന്ന ഇവർ വ്യവസ്ഥകൾ ലംഘിച്ചാൽ ഇവരെ പ്രതികളാക്കി കേസ് വിചാരണ നടത്തുന്നതിനും നിയമവ്യവസ്ഥയുണ്ട്.

ക്രിമിനൽ കേസ് പ്രതിക്കെതിരായ കുറ്റം പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി (beyond the shadow of doubt) തെളിയിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമെ, പ്രതി കുറ്റക്കാരനെന്നു വിധിക്കാൻ കോടതിക്ക് ആവുകയുള്ളു. മാത്രമല്ല, സംശയത്തിന്റെ ആനുകൂല്യം (benefit of doubt) പ്രതിക്ക് ലഭിക്കുന്നതുമാണ്. ഈ ആനുകൂല്യം സിവിൽ കേസ് പ്രതിക്ക് ലഭിക്കുന്നതല്ല.

വധശിക്ഷയ്ക്കു വിധിക്കപ്പെടുന്ന സ്ത്രീയുടെ, താൻ ഗർഭിണിയാണെന്ന വാദം (plea of pregnancy) ശരിയെന്നുവന്നാൽ, ഹൈക്കോടതി ക്രിമിനൽ നടപടിനിയമം 416ാം വകുപ്പുപ്രകാരം വധശിക്ഷ ജീവപര്യന്തം തടവായി ലഘുകരിച്ചിരിക്കേണ്ടതാണ്.

### മരണമൊഴി

ക്രിമിനൽ കേസിൽ കൊല്ലപ്പെട്ടയാളിൽനിന്ന് മരണത്തിനുമുമ്പായി ലഭിച്ചുകഴിഞ്ഞ മൊഴി വളരെ വിലപ്പെട്ട ഒരു തെളിവാണ്. ഒരാൾ അത്യാസന്ന നിലയിൽ മരണവും പ്രതീക്ഷിച്ചു കഴിയവെ, തന്റെ മരണത്തിനിടയാക്കുന്നതോ ഇടയാക്കിയേക്കാവുന്നതോ ആയ ആ സംഭവത്തെയും അതിനിടയാക്കിയ സാഹചര്യങ്ങളെയും മറ്റും പറ്റി മജിസ്ട്രേറ്റിനോ, തന്നെ ചികിത്സിക്കുന്ന ഡോക്ടർക്കോ, രണ്ടുപേരുടെ സാന്നിധ്യത്തിൽ ഒരു പൊലീസ് ഉദ്യോഗസ്ഥനോ നൽകുന്ന മൊഴിയാണ് മരണമൊഴി (dying declaration).

ഇന്ത്യയിൽ ഇപ്രകാരം ഒരു അവസരത്തിൽ അയാൾ മരണം പ്രതീക്ഷിച്ചിരുന്നെങ്കിലും ഇല്ലെങ്കിലും, കോടതി ആ മൊഴി സംഗതമായ തെളിവായി സ്വീകരിക്കുന്നതാണ്. ഒരാളുടെ മരണം പ്രശ്നമായിവരുന്ന ക്രിമിനൽ കേസുകളിൽ മാത്രമല്ല, സിവിൽ കേസുകളിലും (ഉദാ: റയിൽവേ അപകടത്തിൽ മരണപ്പെട്ടയാളുടെ അവകാശികൾ ബോധിപ്പിക്കുന്ന നഷ്ടപരിഹാരക്കേസ്) അയാളുടെ ഇത്തരം മൊഴി സംഗതമായ തെളിവായിരിക്കും.

അത്യാസന്നനിലയിൽ കഴിയുന്ന ഒരാൾ ഇതുപോലൊരു സന്ദർഭത്തിൽ സത്യം പറയാൻ നിർബന്ധിതമാകുമെന്നും സംഭവത്തിന്റെ മുഖ്യസാക്ഷി കൂടിയായ അയാളുടെ ആ മൊഴി സത്യം ചെയ്തു നൽകുന്ന മൊഴിക്കു തുല്യമാകുമെന്നുമുള്ള അനുമാനമാണ് ഇത്തരം മൊഴിയുടെ സ്വീകാര്യതയ്ക്കുള്ള അടിസ്ഥാനം.

*(അവലംബം)*

കവർ സ്റ്റോറി

# വെറുപ്പിന്റെ കഥ കഴിയുന്നു!

ടി.കെ അശ്റഫ്
: 81118 07199

**വൈവിധ്യങ്ങളെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയാൽ വ്യക്തികൾക്കും സമൂഹത്തിനും ഗുണമല്ലാതെ ഒന്നും പകരം ലഭിക്കില്ല. എന്നാൽ അതിലേക്ക് വെറുപ്പിന്റെ വിഷജലം കലർത്തിയാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്ത് ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറമായിരിക്കും. നിർഭാഗ്യവശാൽ സ്നേഹത്തിന്റെ പനനീർദളങ്ങൾ അടർന്നുമാറി വെറുപ്പിന്റെ കൂർത്ത മുള്ളുകൾ ബാക്കിയാവുന്ന ഇന്ത്യൻ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. സമാധാനജീവിതം തിരിച്ചുപിടിച്ചേ മതിയാവൂ.**

മനുഷ്യർക്കിടയിൽ പ്രശ്നങ്ങളുണ്ടാവുക എന്നത് സ്വാഭാവികമാണ്. അതിന് നല്ല നിലയിൽ പരിഹാരം കാണുക എന്നതാണ് ബുദ്ധിപരവും യുക്തിപരവുമായ നീക്കം. ഏതൊരു പ്രശ്നത്തിനും കാര്യവും കാരണവും ഉണ്ടാവും. കാര്യത്തെ ചികിത്സിച്ചതുകൊണ്ട് മാത്രം ഒരിക്കലും ആ പ്രശ്നം അവസാനിക്കുകയില്ല; അതിൻെറ കാരണത്തെ കൂടി ഇല്ലാതാക്കിയാലല്ലാതെ. വിശന്നുകരയുന്ന ഒരു കുട്ടിക്ക് കളിപ്പാട്ടമല്ല, ഭക്ഷണമാണ് പരിഹാരമായി നൽകേണ്ടത്. ശുദ്ധമായ ജലാശയത്തിലേക്ക് മാലിന്യം ഒഴുകി വരുമ്പോൾ അതിൻെറ പ്രഭവകേന്ദ്രം കണ്ടെത്തി അത് അടക്കുക എന്നതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അല്ലാതെ അതിലുള്ള ശുദ്ധജലം എടുത്ത് ഒഴിവാക്കുക എന്നതല്ല അതിനുള്ള പരിഹാരം. ഗ്യാസ് ചോർന്ന് തീ പടർന്നുകത്തുമ്പോൾ ഗ്യാസ് ഓഫ് ചെയ്യാതെ അതിലേക്ക് വെള്ളമൊഴിച്ച് നെട്ടോട്ടമോടുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല.

### വെറുപ്പ് മാനവികതയ്ക്കെതിര്

വെറുപ്പും വിദ്വേഷവും മാനവികതയ്ക്കെതിരായ കാര്യങ്ങളാണ്. എന്നാൽ ഇന്ന് നമ്മുടെ നാട്ടിൽ പലരും വെറുപ്പിൻെറ വ്യാപാരികളാണ്. മനുഷ്യർക്കിടയിൽ വെറുപ്പിൻെറ തീ ആളിക്കത്തിക്കാൻ പരിശ്രമിക്കുന്നവരാണ്. ആരും ആ തീ കെടുത്താനുള്ള മാർഗം സ്വീകരിക്കുന്നില്ല. എല്ലാവരും പരിഭ്രാന്തരായി ഓടുകയും പരസ്പരം പഴിചാരുകയും ചെയ്തുകൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. വിശക്കുന്ന കുട്ടിക്ക് ഭക്ഷണത്തിനു പകരം കളിപ്പാട്ടം നൽകുന്നതുപോലെ വെറുപ്പുകൊണ്ട് അപരവൽകരിക്കപ്പെടുന്ന ഒരു സമൂഹത്തിന് കളിപ്പാട്ടം നൽകി അവരെ ഉറക്കിക്കിടത്തുന്ന സമീപനമാണ് പലരും സ്വീകരിക്കുന്നത്. അതിന് ധാരാളം ഉദാഹരണങ്ങൾ



ചൂണ്ടിക്കാണിക്കാൻ സാധിക്കും. മണിപ്പൂരിൽ നിലനിൽക്കുന്ന കലാപം അതിലൊന്നാണ്. അവിടെ കുക്കിവിഭാഗവും മെയ്ത്തി വിഭാഗവും തമ്മിലടിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. എന്താണ് കാരണം? അത് ഭരണകൂടത്തിൻെറ സൃഷ്ടിയാണ്. 53 ശതമാനം വരുന്ന മെയ്ത്തികൾക്ക് കൂടി എസ്.ടി പദവി നൽകുവാൻ സർക്കാർ തീരുമാനിക്കുന്നു. അതിൽ പ്രതിഷേധിച്ച് ന്യൂനപക്ഷമായ കുക്കികൾ രംഗത്ത് വരുന്നു. അത് വലിയ കലാപമായി ആളിപ്പടരുന്നു. മണിപ്പൂർ ഇപ്പോഴും അക്ഷരാർഥത്തിൽ കത്തിയെരിയുകയാണ്. ന്യൂനപക്ഷമായ കുക്കികൾ തികച്ചും അരക്ഷിതാവസ്ഥയിലാണ്.

**മണിപ്പൂർ നൽകുന്ന പാഠം**

കേരളത്തിന് ഈ സംഭവം ഒരു പാഠമാകേണ്ടതുണ്ട്. ജനങ്ങൾക്കിടയിൽ വിഭാഗീയതയുണ്ടാക്കാനും ഏറ്റുമുട്ടലുണ്ടാക്കാനും ഒരു ഭരണകൂടം തീരുമാനിച്ചാൽ നിഷ്പ്രയാസം സാധിക്കുമെന്ന് മണിപ്പൂർ തെളിയിക്കുന്നു. അത് നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. കേരളത്തിലെ മഹാഭൂരിഭാഗം മനുഷ്യരും സമാധാന വാദികളാണ്. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ 54 ശതമാനം ഹൈന്ദവരും 26 ശതമാനം മുസ്‌ലിംകളും 18 ശതമാനം ക്രൈസ്തവരുമാണ്. ഇതിൽ മഹാഭൂരിഭാഗവും ഇവിടെ സമാധാനാന്തരീക്ഷം നിലനിൽക്കണമെന്നും ജാതിയുടെയും മതത്തിൻെറയും പേരിൽ കലഹവും ചേരിതിരിവും ഉണ്ടായിക്കൂടെന്ന് ആഗ്രഹിക്കുന്നവരുമാണ്. ഇവിടേക്ക് ഫാസിസത്തിനു കടന്നുവരണമെങ്കിൽ മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവരെ വർഗീയതയിൽ ഒന്നിപ്പിക്കുകയും ന്യൂനപക്ഷങ്ങളെ തമ്മിലടിപ്പിച്ചു ഭിന്നിപ്പിക്കുകയും വേണം. അതിനുള്ള തകൃതിയായ ശ്രമങ്ങൾ അടുത്തകാലത്തായി നടന്നുവരുന്നുണ്ട്

**ഏതൊരു പ്രശ്നത്തിനും കാര്യവും കാരണവും ഉണ്ടാവും. കാര്യത്തെ ചികിത്സിച്ചതുകൊണ്ട് മാത്രം ഒരിക്കലും ആ പ്രശ്നം അവസാനിക്കുകയില്ല; അതിൻെറ കാരണത്തെ കൂടി ഇല്ലാതാക്കിയാലല്ലാതെ. വിശന്നുകരയുന്ന ഒരു കുട്ടിക്ക് കളിപ്പാട്ടമല്ല, ഭക്ഷണമാണ് പരിഹാരമായി നൽകേണ്ടത്. ശുദ്ധമായ ജലാശയത്തിലേക്ക് മാലിന്യം ഒഴുകി വരുമ്പോൾ അതിൻെറ പ്രഭവകേന്ദ്രം കണ്ടെത്തി അത് അടക്കുക എന്നതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അല്ലാതെ അതിലുള്ള ശുദ്ധജലം എടുത്ത് ഒഴിവാക്കുക എന്നതല്ല അതിനുള്ള പരിഹാരം. ഗ്യാസ് ചോർന്ന് തീ പടർന്നുകത്തുമ്പോൾ ഗ്യാസ് ഓഫ് ചെയ്യാതെ അതിലേക്ക് വെള്ളമൊഴിച്ച് നെട്ടോട്ടമോടുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല.**

എന്നത് അനിഷേധ്യ യാഥാർഥ്യമാണ്.

**'കാസ'യെ പിടിച്ചുകെട്ടണം**

ക്രിസ്ത്യാനികളെയും മുസ്‌ലിംകളെയും പരസ്പരം ശത്രുക്കളാക്കാൻ ക്രൈസ്തവ സമൂഹത്തിൽ 'കാസ' എന്ന പേരിൽ ഒരു തീവ്രവാദ സംഘടന ഈയിടെയായി പ്രവർത്തിച്ചുവരുന്നുണ്ട്. ഏറ്റവും നെറികെട്ട ദുഷ്പ്രചാരണങ്ങളാണ് സാമൂഹ്യമാധ്യമങ്ങളിലൂടെ അവർ നടത്തിക്കൊണ്ടിരിക്കുന്നത്. അധികാരികൾ അത് കണ്ടതായി ഭാവിക്കുന്നുപോലുമില്ല. ഇങ്ങനെ പോയാൽ മണിപ്പൂർ കേരളത്തിലും ആവർത്തിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. വെറുപ്പ് നിരന്തരം ഉണ്ടാക്കിയശേഷം ഭരണകൂടം അതിൽ പക്ഷംപിടിക്കുമ്പോഴാണ് മണിപ്പൂർ പോലെയുള്ള സംഭവങ്ങൾ ആവർത്തിക്കുക. ഫാസിസത്തിന്റെ കൂടെ നിൽക്കുന്ന, അല്ലെങ്കിൽ നിൽക്കാൻ ശ്രമിക്കുന്ന ക്രൈസ്തവ വിഭാഗത്തിലെ ആളുകൾ ശരിക്ക് ഈ കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതുകൊണ്ട് തങ്ങൾക്ക് എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് തിരിച്ചറിയാൻ കേരളത്തിലെ ക്രൈസ്തവർ മണിപ്പൂരിലേക്ക് നോക്കുന്നത് നല്ലതാണ്.

റബറിന്റെ വില 300 ആക്കിയാൽ എംപിയെ തരാം എന്നു പറയാൻ വളരെ എളുപ്പമാണ്. എന്നാൽ ആ ഉയർന്ന വില വാങ്ങി ഇവിടെ സ്വസ്ഥമായി ജീവിക്കാൻ സാധിക്കുമോ എന്നുകൂടി ചിന്തിക്കേണ്ടതുണ്ട്. കേരള സ്റ്റോറിയെ പ്രധാനമന്ത്രി പിന്തുണച്ചതും ഇതിനോട് നാം ചേർത്തുവായിക്കേണ്ടതാണ്. വിഭാഗീയതയുടെ പ്രശ്നം വരുമ്പോൾ അതിൽ ഒരു വിഭാഗത്തിന്റെ പക്ഷം പിടിച്ച് ഭരണകൂടം തന്നെ രംഗത്ത് വരുമ്പോൾ അവിടെ അക്രമം ആളിക്കത്തുമെന്നതിൽ സംശയമില്ല. സമാധാനകാംക്ഷികളായ ഹൈന്ദവരും ക്രൈസ്തവരും മുസ്‌ലിംകളുമെല്ലാം ഈ കെണി മനസ്സിലാക്കണം. ചിലരുടെ അധികാര, സാമ്പത്തിക, കോർപ്പറേറ്റ് താൽപര്യങ്ങൾക്കു വേണ്ടി നമ്മളാരും നിന്ന് കൊടുക്കരുത്. ഇതിനെതിരെ നമ്മുടെ പൊതുസമൂഹത്തിൽ നിന്ന് വലിയരീതിയിലുള്ള പ്രതിഷേധസ്വരം ഉയരുന്നില്ല എന്നത് വേദനാജനകമായ കാര്യമാണ്. വർഗീയ വേർതിരിവും കലാപവുമുണ്ടായാൽ അത് എല്ലാവരെയും ബാധിക്കുമെന്ന തിരിച്ചറിവ് വേണ്ടതുപോലെ എല്ലാവരിലും ഉണ്ടായിട്ടില്ല എന്നതുതന്നെയാണ് ഇവിടെ ഏറ്റവും വലിയ പ്രശ്നം.

**വെറുപ്പ് ആളിക്കത്തുന്ന അഗ്നിയാണ്**

വെറുപ്പിന്റെ തീ കത്തിക്കുന്നവർക്ക് ജാതിയുണ്ടാകാം, മതമുണ്ടാകാം, രാഷ്ട്രീയമുണ്ടാകാം. എന്നാൽ അവർ കൊളുത്തുന്ന ആ തീയിന് രാഷ്ട്രീയമില്ല, മതമില്ല, വർഗമില്ല. തീ എല്ലാവരെയും കടന്നുപിടിക്കും, എല്ലാവരുടെ മുകളിലും ആഞ്ഞുകത്തും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. വെറുപ്പ് അതിശക്തമായി പ്രചരിക്കുമ്പോഴും വലിയൊരു വിഭാഗം മൗനത്തിലാണ് എന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. വെറുപ്പും വിദ്വേഷവും ആളിക്കത്തിച്ച് കലാപവും കുഴപ്പവും സൃഷ്ടിക്കപ്പെട്ടാൽ അത് ഇവിടെയുള്ള മുസ്‌ലിംകളെ മാത്രമെ

**വെറുപ്പിന്റെ തീ കത്തിക്കുന്നവർക്ക് ജാതിയുണ്ടാകാം, മതമുണ്ടാകാം, രാഷ്ട്രീയമുണ്ടാകാം. എന്നാൽ അവർ കൊളുത്തുന്ന ആ തീയിന് രാഷ്ട്രീയമില്ല, മതമില്ല, വർഗമില്ല. തീ എല്ലാവരെയും കടന്നുപിടിക്കും, എല്ലാവരുടെ മുകളിലും ആഞ്ഞുകത്തും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. വെറുപ്പ് അതിശക്തമായി പ്രചരിക്കുമ്പോഴും വലിയൊരു വിഭാഗം മൗനത്തിലാണ് എന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. വെറുപ്പും വിദ്വേഷവും ആളിക്കത്തിച്ച് കലാപവും കുഴപ്പവും സൃഷ്ടിക്കപ്പെട്ടാൽ അത് ഇവിടെയുള്ള മുസ്‌ലിംകളെ മാത്രമെ ബാധിക്കുകയുള്ളൂ എന്ന് വിശ്വസിക്കുന്നവരാണ് പലരും. എന്നാൽ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് തീപിടിച്ചാൽ പൊള്ളാത്തവരായി ആരുംതന്നെ ഉണ്ടാവുകയില്ല എന്നത് നാം ഗൗരവമായി മനസ്സിലാക്കേണ്ടതുണ്ട്.**



ബാധിക്കുകയുള്ളൂ എന്ന് വിശ്വസിക്കുന്നവരാണ് പലരും. എന്നാൽ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് തീപിടിച്ചാൽ പൊള്ളാത്തവരായി ആരുംതന്നെ ഉണ്ടാവുകയില്ല എന്നത് നാം ഗൗരവമായി മനസ്സിലാക്കേണ്ടതുണ്ട്. ഒഡീഷയിൽ ട്രെയിൻ കൂട്ടിയിടിച്ചതിനു സമാനമായിരിക്കും നമ്മുടെ കേരളത്തിൻെറ ചിത്രമെന്ന നാം ചിന്തിക്കേണ്ടതുണ്ട്. അവിടെ ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും എന്ന വേർതിരിവ് ഉണ്ടാവുകയില്ല.

**കേരളത്തിന്റെ സവിശേഷത**

കേരളം ജനസാന്ദ്രതകൂടിയ സംസ്ഥാനമാണ്. ഇവിടെ ജാതി, മത വ്യത്യാസമില്ലാതെ ഇടകലർന്നാണ് ജീവിതം. ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേതു പോലെ മുസ്‌ലിം ഗല്ലികളും ഹിന്ദു ഗല്ലികളുമായി വേർതിരിഞ്ഞ് നിൽക്കുന്നില്ല. ഒന്നിച്ചാണ് നാം ജോലി ചെയ്യുന്നത്. നമ്മുടെ മക്കൾ ഒരേ വിദ്യാലയങ്ങളിലാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. രോഗം വന്നാൽ മതവും രാഷ്ട്രീയവും നോക്കാതെ നല്ല ചികിത്സ കിട്ടുന്ന ആശുപത്രികളിലേക്കാണ് നാം പോകുന്നത്. നമ്മുടെ അങ്ങാടികളിൽ നമ്മൾ വ്യാപാരം നടത്തുന്നത് മതവും ജാതിയും പരിഗണിച്ചുകൊണ്ടല്ല. ആർക്കെങ്കിലും ഒരു പ്രയാസം വന്നാൽ അവരെ സഹായിക്കുന്നതിൽ നാം മതം പരിഗണിക്കാറില്ല. ആപത്തിൽ അകപ്പെടുന്നവൻെറ മതം ചികഞ്ഞല്ല രക്ഷാപ്രവർത്തനം നടത്താറുള്ളത്. ഇങ്ങനെ സൗഹാർദത്തോടെയും പരസ്പര സഹകരണത്തോടെയും കഴിഞ്ഞുകൂടുന്ന ജനങ്ങളുള്ള കേരളത്തിൽ കലാപത്തീ പിടിച്ചുകഴിഞ്ഞാൽ അത് ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രമെ ബാധിക്കുകയുള്ളൂ എന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അത് ശരിയല്ല എന്ന് മനസ്സിലാക്കുക. തീ ആളിപ്പടർന്നശേഷം അത് പെട്ടെന്ന് കെടുത്തുക എന്നത് വലിയ പ്രയാസകരമായ ഒരു കാര്യമാണ്. തീ കത്താതെ നോക്കുകയാണ് നാം ചെയ്യേണ്ടത്.

**ഭിന്നതയുണ്ടാക്കൽ**

എല്ലാവരും ഒന്നിച്ചാണ് ഈ വെറുപ്പിനെ നേരിടേണ്ടത്. എല്ലാവർക്കും വെറുപ്പിനെതിരെ ഒന്നിക്കാൻ തോന്നിക്കാതിരിക്കാൻ അതിൻെറ വക്താക്കൾ പയറ്റുന്ന തന്ത്രങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. അത് മനസ്സിലാക്കിയാൽ മാത്രമെ വെറുപ്പിനെതിരെ ഒന്നിച്ചു നിൽക്കാൻ നമുക്ക് കഴിയുകയുള്ളൂ. ഒരു വിഭാഗം എപ്പോഴും പ്രശ്നക്കാരാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് അവർ മാറ്റിനിർത്തപ്പെടേണ്ടവരാണ് എന്ന് വരുത്തിത്തീർക്കലാണ് പ്രധാനപ്പെട്ട ഒരു തന്ത്രം. ഇപ്പോൾ നമ്മുടെ നാട്ടിൽ തെരുവുനായകളുടെ ശല്യം രൂക്ഷമാണ്. അതിനെക്കുറിച്ച് ദിവസവും ദാരുണമായ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് കണ്ണൂർ ജില്ലയിലെ സംസാരശേഷിയില്ലാത്ത ഒരു കുഞ്ഞിനെ തെരുവുനായകൾ കടിച്ചുകൊന്ന വാർത്ത വായിച്ചപ്പോൾ കണ്ണുകൾ നിറയാത്ത മനുഷ്യസ്നേഹികൾ ഉണ്ടാകില്ല. അങ്ങനെ പേ പിടിച്ചവയും അല്ലാത്തവയുമായ തെരുവുനായകൾ ദിവസവും ഒട്ടേറെയാളുകളെ കടിച്ചുകുടഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ സാഹചര്യത്തിൽ ഒരു പേപിടിച്ച നായയെ ആരെങ്കിലും വളഞ്ഞുവച്ച് ആക്രമിക്കുന്നുവെങ്കിൽ അത് കണ്ടു നിൽക്കുന്നവരിൽ ആരും എതിരു പറയില്ല. വിഷമം തോന്നില്ല. അത് കൊല്ലപ്പെടേണ്ടതുതന്നെയാണ് എന്നായിരിക്കും എല്ലാവരും കരുതുക. കാരണമെന്താണ്? അങ്ങനെയുള്ള ഒരു ധാരണ അവയെക്കുറിച്ച് നമ്മിൽ ഉണ്ടായിക്കഴിഞ്ഞു.

**എല്ലാവർക്കും വെറുപ്പിനെതിരെ ഒന്നിക്കാൻ തോന്നിക്കാതിരിക്കാൻ അതിന്റെ വക്താക്കൾ പയറ്റുന്ന തന്ത്രങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. അത് മനസ്സിലാക്കിയാൽ മാത്രമെ വെറുപ്പിനെതിരെ ഒന്നിച്ചു നിൽക്കാൻ നമുക്ക് കഴിയുകയുള്ളൂ. ഒരു വിഭാഗം എപ്പോഴും പ്രശ്നക്കാരാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് അവർ മാറ്റിനിർത്തപ്പെടേണ്ടവരാണ് എന്ന് വരുത്തിത്തീർക്കലാണ് പ്രധാനപ്പെട്ട ഒരു തന്ത്രം. ആര് പ്രതിസന്ധിയിലാകുന്നുവോ അവിടെ ഒരു മുസ്‌ലിമിനെ പ്രതിസ്ഥാനത്തു നിർത്തിയാൽ അവർക്കൊക്കെ പ്രതിസന്ധികളിൽ നിന്ന് രക്ഷപ്പെട്ടുപോകാമെന്ന ഒരു സാഹചര്യം സംജാതമായിരിക്കുന്നു.**

ഇതുപോലെ ഇവിടെ ഒരു വിഭാഗത്തെക്കുറിച്ച് കളവുകൾ പറഞ്ഞുപറഞ്ഞ് മറ്റുള്ളവരുടെയുള്ളിൽ അവരെക്കുറിച്ച് വെറുപ്പ് വളർത്തി അവർ ആട്ടിയകറ്റപ്പെടേണ്ടവരാണ്, അക്രമിക്കപ്പെടേണ്ടവരാണ് എന്ന ചിന്ത വളർത്തിക്കൊണ്ടിരിക്കുകയാണ് ചിലർ ചെയ്യുന്നത്. അതിനുവേണ്ടിയാണ് അവർ ഇവിടെ പണിയെടുക്കുന്നത്. എന്നാൽ മനസ്സിലാക്കുക, ഞാൻ നേരത്തെ പറഞ്ഞതുപോലെ കേരളത്തിൽ അങ്ങനെയല്ല സംഭവിക്കുക. ഇവിടെ ഒരു പ്രശ്നം വന്നുകഴിഞ്ഞാൽ അത് എല്ലാവരെയും ബാധിക്കുക തന്നെ ചെയ്യും.

മുസ്‌ലിംകൾ മാറ്റിനിർത്തപ്പെടേണ്ടവരാണ്, അവർ കുഴപ്പക്കാരാണ് എന്ന് വരുത്തിത്തീർക്കുന്ന ഈ തന്ത്രം ഒരു പരിധിവരെ ഇവിടെ വിജയിച്ചിട്ടുണ്ട് എന്നുവേണം മനസ്സിലാക്കാൻ. ആര് പ്രതിസന്ധിയിലാകുന്നുവോ അവിടെ ഒരു മുസ്‌ലിമിനെ പ്രതിസ്ഥാനത്തു

നിർത്തിയാൽ അവർക്കൊക്കെ പ്രതിസന്ധികളിൽ നിന്ന് രക്ഷപ്പെട്ടു പോകാമെന്ന ഒരു സാഹചര്യം സംജാതമായിരിക്കുന്നു. ഒരു വ്യക്തിക്ക് പ്രതിസന്ധി വന്നാൽ അത് വേഗം ഒരു മുസ്‌ലിം പ്രശ്നമാക്കി മാറ്റിയാൽ മതി, ഒരു കുടുംബത്തിന് പ്രശ്നം വന്നുകഴിഞ്ഞാൽ അത് വേഗം ഒരു മുസ്‌ലിം-ഹിന്ദു പ്രശ്നമാക്കി മാറ്റിയാൽ മതി, ഒരു സ്ഥാപനത്തിനാണ് ഒരു പ്രതിസന്ധി വന്നതെങ്കിൽ അവിടെയും ഒരു വർഗീയത കൊണ്ടുവന്നാൽ മതി, ഒരു സമൂഹമാണ് ഒരു പ്രയാസം അഭിമുഖീകരിക്കുന്നതെങ്കിൽ അതിൽനിന്ന് രക്ഷപ്പെടാൻ അത് ഒരു മുസ്‌ലിം-ക്രിസ്ത്യൻ പ്രശ്നമാണെന്ന് വരുത്തിത്തീർത്താൽ മതി... ഇതുതന്നെയാണ് ഇന്ന് ചില ഭരണകൂടങ്ങളും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തന്ത്രം. ഭരണകൂടം എപ്പോഴൊക്കെ പ്രതിസന്ധിയിൽ ആകുന്നുവോ ആ സമയത്തൊക്കെ ഈ കാർഡ് പുറത്തെടുക്കും.

**നുണപ്രചാരണങ്ങൾ**

ഒഡീഷയിൽ ട്രെയിൻ ദുരന്തമുണ്ടായ സമയത്ത് ഇന്നലെ വെള്ളിയാഴ്ച എന്ന ഹാഷ് ടാഗ് ഉപയോഗിച്ച് പ്രചരിപ്പിച്ചത് എന്താണ്? ദുരന്തത്തിൻെറ ആകാശദൃശ്യം. ട്രെയിനുകൾ കൂട്ടിയിടിച്ചതിൻെറ തൊട്ടപ്പുറത്ത് പള്ളിപോലെ തോന്നിക്കുന്ന കെട്ടിടം കാണാം. ഇതാ, ഈ പള്ളിയാണ് ഈ ദുരന്തത്തിന് കാരണം, ഈ പള്ളിയിൽ വെച്ചാണ് അട്ടിമറിക്കുള്ള ഗൂഢാലോചനകൾ നടന്നത് എന്ന രീതിയിലാണ് അത് വർഗീയതയും വെറുപ്പും പ്രചരിപ്പിക്കുന്ന ആളുകളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകളിലൂടെ പുറത്തുവന്നത്. എന്നാൽ വ്യാജപ്രചാരണം ശക്തമായതോടെ 'ദ ക്വിന്റ്' എന്ന ദേശീയ മാധ്യമം അതിൻെറ സത്യാവസ്ഥ പുറത്തുകൊണ്ടുവന്നു. അത് ഒരു ഹൈന്ദവ ക്ഷേത്രമായിരുന്നു, മുസ്‌ലിം പള്ളിയല്ലായിരുന്നു. അതോടെ വർഗീയവാദികൾ ഉൾവലിഞ്ഞു.

> **വെറുപ്പിൻെറ പ്രത്യയശാസ്ത്രത്തെ നമ്മുടെ നാട്ടിൽനിന്ന് കെട്ടുകെട്ടിക്കാൻ നമുക്ക് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് അടിസ്ഥാനപരമായി വേണ്ടത് എല്ലാവരും സ്വന്തം കടമ നിർവഹിക്കുക എന്നതാണ്. ഒന്നാമതായി ഭരണകൂടം തന്നെയാണ്. അതിൽ ഏറ്റവും ഒന്നാമത്തേത് എന്തൊരു സംഭവം ഉണ്ടായാലും അതിൻെറ നിജസ്ഥിതി പുറത്തുവരും മുമ്പ് കഥ മെനയുന്ന ഉദ്യോഗസ്ഥന്മാരെ നിലയ്ക്കുനിർത്തുവാനുള്ള ആർജവം കാണിക്കുക എന്നതാണ്. പോലീസിൽ ക്രിമിനലുകളും പക്ഷം പിടിക്കുന്ന വെറുപ്പിൻെറ ചിന്താഗതിക്കാരുമുണ്ട് എന്ന പരാതി കേരളത്തിൽ കേൾക്കാൻ തുടങ്ങിയിട്ട് കുറെ കാലമായി. അത് കണ്ടെത്താനും വേണ്ടത് ചെയ്യാനും അമാന്തം കാണിച്ചുകൂടാ.**

ചിന്തിക്കുക, പ്രബുദ്ധ കേരളത്തിലെ എത്രയാളുകൾ ഇതിനെതിരെ പ്രതികരിച്ചു? ഇത്രയും വെറുപ്പ് ഉൽപാദിപ്പിക്കപ്പെടുന്ന, ശക്തമായ പ്രഹരശേഷിയുള്ള കള്ളപ്രചാരണം നടന്നത് കൈയോടെ പിടികൂടിയിട്ടും അത് തെറ്റായിരുന്നു എന്ന് പറയാൻ എത്രയാളുകൾ തയ്യാറായി? എത്ര പേർ ആ ദുഷ്ടതയെ അപലപിച്ചു? ഓർക്കുക, ഈ മൗനം വലിയ അപകടത്തിലേക്കാണ് നമ്മുടെ നാടിനെ നയിക്കുക. വളരെ മതേതരമാണ് എന്ന് അവകാശപ്പെടുന്ന കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല എന്നർഥം. ഈ കഴിഞ്ഞ ഏപ്രിൽ രണ്ടാം തീയതി എലത്തൂരിൽ ഒരു ട്രെയിനിൻെറ ബോഗിക്ക് ഒരാൾ തീയിടുകയുണ്ടായി. പുറത്തേക്ക് ചാടിയ മൂന്നു പേർ മരണപ്പെടുന്ന അവസ്ഥവരെ ഉണ്ടായി.

ഷാരൂഖ് സൈഫി എന്നുപറയുന്ന ഒരു വ്യക്തിയാണ് പ്രതി എന്ന് കണ്ടെത്തുകയും അയാളെ പിടികൂടുകയുമുണ്ടായി. മെയ് മാസത്തിൽ അതേ ട്രെയിനിനുതന്നെ കണ്ണൂരിൽവെച്ച് മറ്റൊരാൾ തീയിട്ടു. പ്രതിയെ താമസിയാതെ പിടികൂടി. അയാളുടെ പേര് പുഷൻ ജിത്ത് എന്നായിരുന്നു. നേരത്തെ ഷാരൂഖ് സൈഫിയെ പിടിച്ചു കൊണ്ടുവന്നപ്പോൾ നമ്മുടെ എഡിജിപി എം. ആർ അജിത് കുമാർ മാധ്യമങ്ങളോട് പറഞ്ഞത് പ്രധാനമായും മൂന്ന് കാര്യങ്ങളാണ്. ഇയാൾ റാഡിക്കലൈസ് ചെയ്യപ്പെട്ട വ്യക്തിയാണ്, ഇയാൾ സാക്കിർ നായിക്കിൻെറ ഫോളോവറാണ്, അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കാറുണ്ട്, ഇയാൾ വരുന്ന പ്രദേശം തന്നെ ശരിയല്ല, അത് ശാഹീൻ ബാഗ് ആണ്.

ഈ പ്രതി മുസ്‌ലിം നാമധാരിയാണ് എന്ന ഒറ്റക്കാരണം കൊണ്ട് നേരെ അതിൻെറ ഉത്തരവാദിത്തം ഇസ്‌ലാമിലേക്ക് ചേർത്തുവെച്ചു, മുസ്‌ലിംകൾ കൂടുതലുള്ള, പൗരത്വ നിയമത്തിനെതിരെ സമരം നടന്ന സ്ഥലത്തേക്ക് ചേർത്തു പറഞ്ഞു. ആലോചിച്ചുനോക്കൂ! എന്നാൽ രണ്ടാമത്തെ കേസിലെ പ്രതി മുസ്‌ലിമല്ല. ഉടനെ പ്രസ്താവന വന്നു: അവൻ ഭിക്ഷക്കാരനാണ്. ഭിക്ഷ കിട്ടാത്തതുകൊണ്ട് മാനസിക പ്രയാസമുണ്ടായി, അതിൻെറ ദേഷ്യത്തിൽ ചെയ്തതാണ്. അവൻെറ മതം തെരഞ്ഞുപോയില്ല, അവൻെറ പ്രദേശം തേടിപ്പോയില്ല, അവൻെറ പിന്നിലുള്ള ചേതോവികാരം എന്താണെന്ന് പറഞ്ഞില്ല, അവൻ റാഡിക്കലൈസ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടില്ല. എല്ലാം പെട്ടെന്ന് അവസാനിച്ചു. ആ അധ്യായം അവിടെ കൊട്ടിയടക്കപ്പെട്ടു. ഇത് കേരളത്തിലാണ് നടന്നത് എന്ന കാര്യം ഓർക്കുക.

**ഭരണകൂടം കടമകൾ നിർവഹിക്കണം**

വെറുപ്പിൻെറ പ്രത്യയശാസ്ത്ര

ത്തെ നമ്മുടെ നാട്ടിൽനിന്ന് കെട്ടുകെട്ടിക്കാൻ നമുക്ക് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് അടിസ്ഥാനപരമായി വേണ്ടത് എല്ലാവരും സ്വന്തം കടമ നിർവഹിക്കുക എന്നതാണ്. എല്ലാ വിഭാഗവും അവരുടെ ചുമതല നിർവഹിക്കണം. ഒന്നാമതായി ഭരണകൂടം തന്നെയാണ്. മതനിരപേക്ഷ പക്ഷത്തുള്ള ഭരണകൂടം കേരളമടക്കമുള്ള ഏതൊക്കെ സ്റ്റേറ്റുകളിൽ ഉണ്ടോ അവർ ചെയ്യേണ്ട ചില ഉത്തരവാദിത്തങ്ങളുണ്ട്. അതിൽ ഏറ്റവും ഒന്നാമത്തെത് എന്തൊരു സംഭവം ഉണ്ടായാലും അതിന്റെ നിജസ്ഥിതി പുറത്തുവരും മുമ്പ് കഥ മെനയുന്ന ഉദ്യോഗസ്ഥന്മാരെ നിലയ്ക്കുനിർത്തുവാനുള്ള ആർജവം കാണിക്കുക എന്നതാണ്. പോലീസിൽ ക്രിമിനലുകളും പക്ഷം പിടിക്കുന്ന വെറുപ്പിന്റെ ചിന്താഗതിക്കാരുമുണ്ട് എന്ന പരാതി കേരളത്തിൽ കേൾക്കാൻ തുടങ്ങിയിട്ട് കുറെ കാലമായി. അത് കണ്ടെത്താനും വേണ്ടത് ചെയ്യാനും അമാന്തം കാണിച്ചുകൂടാ. നേരത്തെ പറഞ്ഞ എഡിജിപിയെ പോലെയുള്ള ആളുകൾ വന്നു കഥ പറയുന്നതിന് തടയിടാൻ സർക്കാർ തയ്യാറാകണം.

വെറുപ്പ് പ്രചരിപ്പിക്കുന്നവർക്കെതിരെ ഉചിതമായ സമയത്തുതന്നെ നടപടിയെടുക്കണം. സമയം കഴിഞ്ഞിട്ടല്ല. വെള്ളമൊക്കെ ഒഴുകി സമുദ്രത്തിൽ എത്തിക്കഴിഞ്ഞതിനുശേഷം തടയണ കെട്ടിയത് കൊണ്ട് യാതൊരു കാര്യവുമില്ല.

മറുനാടൻ മലയാളി എന്ന ചാനലിന്റെ പ്രധാനിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചില കേസുകളുടെ വാർത്തകൾ നാം കേൾക്കുന്നുണ്ട്. മാധ്യമ പ്രവർത്തനമെന്ന പേരിൽ ആരെക്കുറിച്ചും എന്തും പറയാനും കടുത്ത വിഭാഗീയതക്ക് വഴിവെക്കുന്നവിധം അടിസ്ഥാനരഹിതമായ വാർത്തകൾ നൽകാനും മടി കാണിക്കാത്ത അദ്ദേഹത്തിന് ഒരു കേസിൽ ഹൈക്കോടതി മുൻകൂർ ജാമ്യം കൊടുക്കാൻ ഇത് എഴുതും വരെ തയ്യാറായിട്ടില്ല. ആ ഒരു സാഹചര്യത്തിൽ പോലും അദ്ദേഹത്തിനെതിരെ ചെറുവിരലനക്കാൻ ഉത്തരവാദപ്പെട്ടവർക്കായിട്ടില്ല എന്നത് അത്ര നല്ല സന്ദേശമല്ല നൽകുന്നത്. കേരളത്തിൽ പോലും അവസ്ഥ ഇതാണെങ്കിൽ മറ്റു സംസ്ഥാനങ്ങളുടെ അവസ്ഥ എന്തായിരിക്കുമെന്ന് നമുക്ക് ആലോചിക്കാവുന്നതാണ്.

നമ്മൾ സ്വീകരിക്കേണ്ട മറ്റൊരു നിലപാട് ഒരിക്കലും സെലക്ടീവ് ആകരുത് എന്നതാണ്. നാർക്കോട്ടിക് ജിഹാദ് എന്ന വ്യാജ ആരോപണം ഓർക്കുക. വലിയ വിദ്വേഷത്തീയാണ് അന്ന് പ്രചരിപ്പിക്കപ്പെട്ടത്. പക്ഷേ, ഇതിനെതിരിൽ കൃത്യസമയത്ത് നടപടി എടുക്കുന്ന വിഷയത്തിൽ അധികാരികൾ അമാന്തം കാണിക്കുകയാണുണ്ടായത്. ലവ് ജിഹാദ് ആരോപണം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞതാണ്. എന്നിട്ടും അതിപ്പോഴും പലരും പറഞ്ഞുകൊണ്ടേയിരിക്കുന്നു, കഥകൾ മെനഞ്ഞുകൊണ്ടേയിരിക്കുന്നു. പക്ഷേ, അതിനെതിരെ നടപടികൾ പലപ്പോഴും ഉണ്ടാകുന്നില്ല.

**സോഷ്യൽ മീഡിയകൾ വഴി വെറുപ്പ് പ്രചരിപ്പിക്കുന്നവരെ ഉടൻ ബ്ലോക്ക് ചെയ്യുവാനുള്ള നിർദേശം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. പരാതിക്ക് കാത്തിരിക്കാതെ വെറുപ്പിനെതിരെ നടപടിയെടുക്കണമെന്ന സുപ്രീം കോടതിയുടെ നിർദേശം ഇനിയെങ്കിലും നമ്മൾ നടപ്പാക്കേണ്ടതുണ്ട്. അതുപോലെതന്നെ അക്രമികളെ നിയന്ത്രിക്കുന്നതിന് പകരം അക്രമത്തിന് വിധേയരായവരോട് മരുന്നിട്ട് കൊടുക്കരുത് എന്നതുപോലുള്ള ഉപദേശം നൽകുന്ന നിലപാട് ഇനിയെങ്കിലും തിരുത്തേണ്ടതുണ്ട്.**

ഭരണകൂടങ്ങൾ ജനങ്ങളെ ഇരുട്ടിൽ നിർത്താൻ പാടില്ല. ഊഹാപോഹങ്ങൾ പ്രചരിപ്പിക്കാൻ ഒരിക്കലും സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കരുത്. സ്കോളർഷിപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ 80:20 പ്രശ്നം വന്നപ്പോൾ തികഞ്ഞ മൗനമാണ് കുറേകാലം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. അതൊക്കെ ഒരുപാട് വെറുപ്പ് പടർന്നു പിടിക്കാൻ കാരണമായിട്ടുണ്ട് എന്ന് പറയാതിരിക്കാൻ കഴിയില്ല.

നാർക്കോട്ടിക് ജിഹാദ് ആരോപണമുയർന്നപ്പോൾ ഏതാനും ആഴ്ചകൾ കഴിഞ്ഞിട്ടാണ് ലഹരിയുപയോഗവുമായി ബന്ധപ്പെട്ട കണക്ക് സർക്കാർ പുറത്തുവിട്ടത്. ആ കണക്ക് ഗവൺമെന്റിന്റെ പക്കൽ നേരത്തെയുള്ളതാണ്. അത് നേരത്തെ വ്യക്തമാക്കുകയും അങ്ങനെയൊരു ജിഹാദ് വെറും ആരോപണമാണ് എന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നുവെങ്കിൽ അത്രയും ദിവസം വിദ്വേഷത്തിന്റെ പുഴ നമ്മുടെ നാടുകളിൽ ഒഴുകുമായിരുന്നില്ല.

കേരളത്തിലുള്ള മദ്റസകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതും അവർക്ക് ക്ഷേമഫണ്ട് കൊടുക്കുന്നതും സർക്കാരിന്റെ ഖജനാവിൽ നിന്നാണ് എന്ന വ്യാജ പ്രചാരണം നടക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. ഈ കള്ള പ്രചാരണം തുടങ്ങിയ ഘട്ടത്തിൽതന്നെ ഉത്തരവാദപ്പെട്ടവർ രംഗത്തുവന്നു കൊണ്ട് അത് വസ്തുതാവിരുദ്ധമാണ്, അങ്ങനെയില്ല എന്ന് വ്യക്തമാക്കേണ്ടതുണ്ടായിരുന്നു. അത് അവരുടെ ബാധ്യതയുമാണ്. വെറുപ്പ് പടർന്നു പിടിക്കാൻ കുറെ സമയം നൽകിയതിനു ശേഷം വ്യക്തമല്ലാത്ത ചില വ്യക്തമാക്കൽ നടത്തിയിട്ട് എന്തു കാര്യം?

അതുപോലെതന്നെ സോ

ഷ്യൽ മീഡിയകൾ വഴി വെറുപ്പ് പ്രചരിപ്പിക്കുന്നവരെ ഉടൻ ബ്ലോക്ക് ചെയ്യുവാനുള്ള നിർദേശം സർക്കാരിൻെറ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. പരാതിക്ക് കാത്തിരിക്കാതെ വെറുപ്പിനെതിരെ നടപടിയെടുക്കണമെന്ന സുപ്രീം കോടതിയുടെ നിർദേശം ഇനിയെങ്കിലും നമ്മൾ നടപ്പാക്കേണ്ടതുണ്ട്. അതുപോലെതന്നെ അക്രമികളെ നിയന്ത്രിക്കുന്നതിന് പകരം അക്രമത്തിന് വിധേയരായവരോട് 'മരുന്നിട്ട് കൊടുക്കരുത്' എന്നതുപോലുള്ള ഉപദേശം നൽകുന്ന നിലപാട് ഇനിയെങ്കിലും തിരുത്തേണ്ടതുണ്ട്. വർഗീയവാദികൾക്ക് ഭരണകൂടം മരുന്നിട്ട് കൊടുക്കുന്ന നടപടിയും അവസാനിപ്പിക്കേണ്ടതുണ്ട്. ബോധപൂർവം വിവാദമുയർത്തുകയും അതിനുശേഷം പ്രതിഷേധം വിളിച്ചുവരുത്തുകയും പിന്നീട് അത് പരിഹരിക്കുകയും ചെയ്യുക, അങ്ങനെ വിവാദം വർഗീയ വാദികൾക്ക് ചാകരയാവുകയും അത് പരിഹരിക്കുമ്പോൾ അതിൻെറ കക്ഷികൾക്ക് സമാധാനം ഉണ്ടാവുകയും ചെയ്യുന്ന ഒരു പ്രത്യേക രീതി ഏതാനും വിഷയങ്ങളിൽ സർക്കാർ സ്വീകരിച്ചതായി കണ്ടിട്ടുണ്ട്. അതിൻെറ ഏറ്റവും വലിയ ഉദാഹരണമാണ് വഖഫ് ബോർഡ് നിയമനം പിഎസ്സിക്ക് വിട്ടതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിവാദം. പിഎസ്.സി പരീക്ഷ വെള്ളിയാഴ്ചയിലും പെരുന്നാൾ ദിനത്തിലും പ്രഖ്യാപിക്കുകയും മുസ്‌ലിം സമുദായത്തിൽ പെട്ടവർ അതിനെതിരിൽ എതിർപ്പുമായി രംഗത്ത് വന്നപ്പോൾ തീയതി മാറ്റിയതും ഇതിന് ഉദാഹരണമാണ്.

വഖഫ് ബോർഡ് നിയമനവുമായി ബന്ധപ്പെട്ട് നിയമസഭ പാസാക്കിയ ബില്ല് പിൻവലിക്കാൻ എത്രപ്രാവശ്യമാണ് തിരുവനന്തപുരത്തേക്ക് മുസ്‌ലിം നേതാക്കന്മാരെയും പണ്ഡിതന്മാരെയും വിളിപ്പിച്ചത് എന്തിനാണ് അതൊക്കെ ചെയ്തത്? ഏതെങ്കിലും മുസ്‌ലിം സംഘടനകൾ ആവശ്യപ്പെട്ടുവോ വഖഫ്ബോർഡ് നിയമനം

**മാധ്യമങ്ങൾ റേറ്റിംഗിനല്ല നാടിന്റെ നിലനിൽപ്പിനാകണം പ്രാധാന്യം നൽകേണ്ടത്. നാടും നാട്ടുകാരുമുണ്ടെങ്കിലേ ചാനലുകൾക്കും പത്രങ്ങൾക്കും നിലനിൽപ്പുള്ളൂ. അതുകൊണ്ട് തന്നെ ഞങ്ങളുടെ പത്രത്തിന് വായനക്കാർ ഉണ്ടാകണം, ചാനലിന് റീച്ച് കൂടണം, അതിനായി ഏതു വിഷയം വന്നാലും അത് ലൈവിൽ കൊടുക്കും എന്നതാകരുത് ഞങ്ങളുടെ നയം. എല്ലാം മീഡിയകളിലും വരുന്നുണ്ട്, ഞങ്ങളുടെ മീഡിയയിൽ മാത്രം വരാതിരുന്നിട്ട് എന്തു കാര്യം എന്നതാകരുത് ന്യായം. അവിടെ ഉറച്ചു നിൽക്കാൻ കഴിയണം. എല്ലാ മീഡിയകളും കൊടുത്താലും അത് ഞങ്ങൾ റിപ്പോർട്ട് ചെയ്യുന്നില്ല, അതാണ് ഞങ്ങളുടെ പോളിസി എന്ന് പറയാൻ ധൈര്യവും തന്റേടവും കാണിക്കണം. അതാണ് ഈ കാലഘട്ടം തേടുന്ന മീഡിയ പ്രവർത്തനം.**

പിഎസ്.സിക്ക് വിടണം എന്ന്? ആരും ആവശ്യപ്പെടാത്ത ഒരു കാര്യമാണത്. ഇങ്ങനെയുള്ള ചില വിഷയങ്ങൾ കൊണ്ടുവരികയും അത് ചർച്ചയാവുകയും വിവാദമാവുകയും ചെയ്യുമ്പോൾ ഞങ്ങൾ അത് പിൻവലിച്ചു എന്ന് പറയുകയും ചെയ്യുക. അപ്പോൾ എന്തോ ഒരു വലിയ കാര്യം മുസ്‌ലിം സമുദായത്തിന് ചെയ്തുകൊടുത്തു എന്ന ഒരു പ്രതീതി അവിടെ ഉണ്ടാക്കിയെടുക്കുകയാണ് ചെയ്യുന്നത്. വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിൻെറ സമയത്ത് പിഎസ്സി പരീക്ഷ തീരുമാനിക്കുന്നു. മുസ്‌ലിംകൾ പ്രതിഷേധിക്കുന്നു. അപ്പോൾ ദിവസം മാറ്റുന്നു. അതാകട്ടെ പെരുന്നാൾ ദിവസവും. വീണ്ടും മുസ്‌ലിംകൾ പ്രതിഷേധിക്കുന്നു; പെരുന്നാൾ ദിവസം പരീക്ഷ പാടില്ല. വീണ്ടും തീയതി മാറ്റി നിശ്ചയിക്കുന്നു...! എപ്പോഴും മുസ്‌ലിംകൾ പ്രശ്നക്കാരാണ് എന്ന ഒരു പ്രതീതി ഉണ്ടാക്കാൻ ഇതുവഴി സാധിക്കുന്നു! മുസ്‌ലിംകൾക്ക് വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണ് വെള്ളിയാഴ്ചയും പെരുന്നാൾ ദിവസമെന്നും അറിയാത്ത ഉദ്യോഗസ്ഥന്മാർ ആരാണ് ഇവിടെയുള്ളത്?

ഈ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമുക്ക് പറയാനുള്ള മറ്റൊരു നിർദേശം പാഠ്യപദ്ധതിയിൽ മനുഷ്യസൗഹാർദത്തിൻെറ അനിവാര്യത എന്ന വിഷയം ഉൾപ്പെടുത്തണം എന്നതാണ്. എങ്കിൽ ഭാവി തലമുറ വെറുപ്പിൽനിന്ന് രക്ഷപ്പെട്ടേക്കാം. നമ്മുടെ കുട്ടികൾ ഒന്നിച്ചു പഠിക്കുന്ന വിദ്യാലയങ്ങളിൽ സൗഹാർദാന്തരീക്ഷം വളർത്താൻ അത് ഉപകരിച്ചേക്കാം.

അതുപോലെ തന്നെ അധ്യാപകർക്ക് നൽകുന്ന ട്രെയിനിങ്ങുകളിലും ഈ വിഷയത്തിന് ഊന്നൽ നൽകണം. അധ്യാപക സമൂഹമേ, നിങ്ങളുടെ മുമ്പിലിരിക്കുന്ന കുട്ടികളെ കണക്കും സയൻസും മറ്റു വിഷയങ്ങളും പഠിപ്പിച്ച് ഉത്തരമെഴുതിക്കുക മാത്രമല്ല നിങ്ങൾ ചെയ്യേണ്ടത്, നമുക്കിടയിൽ പ്രസരിച്ചുകൊണ്ടിരിക്കുന്ന വിദ്വേഷത്തിൻെറയും വെറുപ്പിൻെറയും വേരറുത്തു മാറ്റി സൗഹാർദത്തിൻെറ അന്തരീക്ഷമുണ്ടാക്കുന്നതിൽ അടുത്ത തലമുറയെക്കൂടി പങ്കാളികളാക്കുക എന്ന വലിയ ഒരു ഉത്തരവാദിത്തം നിങ്ങൾക്കുണ്ട്.

അധ്യാപകർക്ക് നൽകുന്ന ട്രെയിനിങ്ങുകളിൽ മൊഡ്യൂളുകൾ ആയി ഈ വിഷയം കൊണ്ടുവരേണ്ടതുണ്ട്. അതാണ് പോസിറ്റീവായ രീതി എന്ന് പറയുന്നത്. യുഎഇയിൽ അടുത്തകാലത്ത് രൂപീകരിച്ചതാണ് Tolarance നു വേണ്ടി പ്രത്യേകമായ ഒരു മന്ത്രാലയം. അങ്ങനെ ഒരു മന്ത്രാലയം

നമ്മുടെ നാട്ടിലും വരണം.

**ന്യൂസിലാൻഡ് കാണിച്ച മാതൃക**

യുഎൻ അസംബ്ലി, മാർച്ച് പതിനഞ്ചാം തീയതി ഇസ്‍ലാമോഫോബിയ വിരുദ്ധ ദിനമായി പ്രഖ്യാപിച്ചതിന്റെ പിന്നിൽ ഒരു പശ്ചാത്തലമുണ്ട്. ന്യൂസിലാൻഡിൽ ഒരു മുസ്‍ലിം പള്ളിയിൽ നടന്ന ഭീകരാക്രമണത്തിൽ 51 പേർ കൊല്ലപ്പെടുകയുണ്ടായി. ആ സംഭവത്തിന് ശേഷം ആ രാജ്യത്തിന്റെ പ്രസിഡന്റ് രംഗത്ത് വരികയും ഒരു നാട്ടിൽ വർഗീയതയും വിഭാഗീയതയും വെറുപ്പും വിദ്വേഷവും പുകഞ്ഞു കത്തുമ്പോൾ അവിടെ എന്താണ് ചെയ്യേണ്ടത് എന്നതിന് വളരെ മാതൃകാപരമായ ഒരു നടപടിക്രമം സ്വീകരിക്കുകയുമുണ്ടായി. മുറിവേറ്റ മുസ്‍ലിം സമുദായത്തിൽ പെട്ടവരെ പാർലമെന്റിന്റെ അകത്തളത്തിലേക്ക് വിളിച്ചു കൊണ്ടുവന്ന് അവിടെവെച്ച് വിശുദ്ധ ഖുർആൻ പാരായണം അനുവാദം നൽകി. ബാങ്ക് വിളിപ്പിച്ചു, അത് റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തു. അതുവഴി എല്ലാ കുടിലുകളിലും കൊട്ടാരങ്ങളിലും ബാങ്കൊലി അവർ മുഴക്കിച്ചു. അതിനു ശേഷമാണ് മാർച്ച് 15 ഇസ്‍ലാമോഫോബിയ വിരുദ്ധ ദിനമായിട്ട് പ്രഖ്യാപിക്കപ്പെട്ടത്. നമ്മുടെ കേരളത്തിൽ ഈ ദിനാചരണം നല്ല രീതിയിൽ ആസൂത്രണം ചെയ്തു നടപ്പാക്കാൻ സർക്കാർ തയ്യാറാകണം. ഓരോ ദിവസവും വിദ്യാലയങ്ങളിലേക്ക് ദിനാചരണവുമായി ബന്ധപ്പെട്ട് സർക്കാർ സർക്കുലർ അയക്കാറില്ലേ? ഇസ്‍ലാമോഫോബിയ വിരുദ്ധ ദിനത്തിലും സർക്കുലർ അയക്കണം. അങ്ങനെ സൗഹാർദത്തിന്റെ വഴികൾ വെട്ടിത്തെളിക്കുക. ഇതൊക്കെ ഭരണകൂടം ചെയ്യേണ്ട ഉത്തരവാദിത്തങ്ങളാണ്.

**മാധ്യമ ധർമം**

രണ്ടാമതായി മാധ്യമങ്ങളുടെ ഭാഗമാണ്. മാധ്യമങ്ങൾ ജനങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന സംവിധാനമാണ്. മാധ്യമങ്ങൾക്കും ഇതിൽ ഒരുപാട് കാര്യങ്ങൾ ചെയ്യുവാനുണ്ട്. മാധ്യമങ്ങൾ റേറ്റിംഗിനല്ല; നാടിന്റെ നിലനിൽപ്പിനാകണം പ്രാധാന്യം നൽകേണ്ടത്. നാടും നാട്ടുകാരുമുണ്ടെങ്കിലേ ചാനലുകൾക്കും പത്രങ്ങൾക്കും നിലനിൽപ്പുള്ളൂ. അതുകൊണ്ട് തന്നെ ഞങ്ങളുടെ പത്രത്തിന് വായനക്കാർ ഉണ്ടാകണം, ചാനലിന് റീച്ച് കൂടണം, അതിനായി ഏതു വിഷയം വന്നാലും അത് ലൈവിൽ കൊടുക്കും എന്നതാകരുത് തങ്ങളുടെ നയം. 'എല്ലാ മീഡിയകളിലും വരുന്നുണ്ട്, ഞങ്ങളുടെ മീഡിയയിൽ മാത്രം വരാതിരുന്നിട്ട് എന്തു കാര്യം' എന്നതാകരുത് ന്യായം. അവിടെ ഉറച്ചു നിൽക്കാൻ കഴിയണം. എല്ലാ മീഡിയകളും കൊടുത്താലും അത് ഞങ്ങൾ റിപ്പോർട്ട് ചെയ്യുന്നില്ല, അതാണ് ഞങ്ങളുടെ പോളിസി എന്ന് പറയാൻ ധൈര്യവും തന്റേടവും കാണിക്കണം. അതാണ് ഈ കാലഘട്ടം തേടുന്ന മീഡിയ പ്രവർത്തനം.

**ജനങ്ങൾക്കിടയിൽ വെറുപ്പും അകൽച്ചയുമുണ്ടാക്കുന്ന വാർത്തകൾ അവഗണിക്കാൻ മീഡിയകൾ പരസ്പര ധാരണയുണ്ടാകണം. മതനിരപേക്ഷ നിലപാടുള്ള ചാനലുകൾക്ക്, പത്രങ്ങൾക്ക് ഏകാഭിപ്രായത്തിൽ എത്താൻ സാധിക്കണം. ചാനൽ ചർച്ചകളിൽ എല്ലാ വെട്ടുകത്തികൾക്കും അവസരം നൽകുന്നതും അവസാനിപ്പിക്കണം. എന്ത് ചർച്ച് വന്നാലും ബിജെപിയുടെ സംഘപരിവാർ ഹാൻഡ്‍ലുകളിലുള്ള ഏതെങ്കിലും ഒരു പ്രതിനിധിയെ ചാനലിലെ നാലാമത്തെ ഒരാളായി കൊടുത്തെങ്കിലേ ചർച്ച പൂർണമാവുകയുള്ളൂ എന്ന കാഴ്ചപ്പാട് ഏതാനും വർഷങ്ങളായി കേരളത്തിൽ കണ്ടുവരുല്ലതാണ്. കേന്ദ്രത്തിൽ അവരാണ് ഭരിക്കുന്നത്, കേന്ദ്രവുമായി നേരിട്ട് ബന്ധപ്പെടുന്ന ഒരു വിഷയത്തിൽ അവരുടെ പ്രതിനിധിയെ ആവശ്യമുണ്ടാകും. പക്ഷേ, ഇപ്പോൾ അങ്ങനെയല്ല കാര്യം.**

അതുപോലെ തന്നെ റിപ്പോർട്ട് ചെയ്യുന്ന വാർത്തകൾ സമൂഹത്തിൽ വിഭജനം ഉണ്ടാക്കുന്നതല്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അന്തിച്ചർച്ചയുടെ വിഷയം വളരെ കരുതലോടുകൂടിയായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. ചർച്ചയിലൂടെ ജനങ്ങൾക്ക് എന്തു നേട്ടമാണ് ഉണ്ടായത് എന്നതാണ് ഗൗരവപൂർവം നാം പരിഗണിക്കേണ്ട ഒരു വിഷയം. ജനങ്ങൾക്കിടയിൽ വെറുപ്പും അകൽച്ചയുമുണ്ടാക്കുന്ന വാർത്തകൾ അവഗണിക്കാൻ മീഡിയകൾ പരസ്പര ധാരണയുണ്ടാകണം. മതനിരപേക്ഷ നിലപാടുള്ള ചാനലുകൾക്ക്, പത്രങ്ങൾക്ക് ഏകാഭിപ്രായത്തിൽ എത്താൻ സാധിക്കണം. ചാനൽ ചർച്ചകളിൽ എല്ലാ വെട്ടുകത്തികൾക്കും അവസരം നൽകുന്നതും അവസാനിപ്പിക്കണം. എന്ത് ചർച്ച വന്നാലും ബിജെപിയുടെയും സംഘപരിവാർ ഹാൻഡ്‍ലുകളിലുള്ള ഏതെങ്കിലും ഒരു പ്രതിനിധിയെ ചാനലിലെ നാലാമത്തെ ഒരാളായി കൊടുത്തെങ്കിലേ ചർച്ച പൂർണമാവുകയുള്ളൂ എന്ന കാഴ്ചപ്പാട് ഏതാനും വർഷങ്ങളായി കേരളത്തിൽ കണ്ടുവരുന്നതാണ്. കേന്ദ്രത്തിൽ അവരാണ് ഭരിക്കുന്നത്, കേന്ദ്രവുമായി നേരിട്ട് ബന്ധപ്പെടുന്ന ഒരു വിഷയത്തിൽ അവരുടെ പ്രതിനിധിയെ ആവശ്യമുണ്ടാകും. പക്ഷേ, ഇപ്പോൾ അങ്ങനെയല്ല കാര്യം.

*(അവസാനിച്ചില്ല)*

# പ്രാർഥന; നാം അറിയേണ്ട ചില കാര്യങ്ങൾ

**സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി**

: 98467 97157

തെറ്റ് മനുഷ്യസഹജമാണ്. തിന്മകൾ സംഭവിച്ചുപോയാൽ ഉടനെ പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് പാപമോചനത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നുവെന്നതാണ് യഥാർഥ വിശ്വാസിയുടെ ഗുണമായി അല്ലാഹു എടുത്തുപറഞ്ഞിട്ടുള്ളത്. ഐഹികവും പാരത്രികവുമായ ഗുണത്തിനുവേണ്ടി അവൻ പ്രാർഥിക്കുക അല്ലാഹുവിനോട് മാത്രമാണ്. സ്വർഗം കൊതിക്കുന്നവർ അല്ലാഹുവിനോടല്ലാതെ പ്രാർഥിക്കുകയില്ല. അവനിലേക്കല്ലാതെ കൈകളുയർത്തുകയില്ല. സ്വർഗത്തിൽ പ്രവേശിച്ചവരുടെ സംഭാഷണം ക്വുർആനിൽ എടുത്തു പറയുന്നത് കാണുക:

"പരസ്പരം പലതും ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും. അവർ പറയും: തീർച്ചയായും നാം മുമ്പ് നമ്മുടെ കുടുംബത്തിലായിരിക്കുമ്പോൾ ഭയഭക്തിയുള്ളവരായിരുന്നു. അതിനാൽ അല്ലാഹു നമുക്ക് അനുഗ്രഹം നൽകുകയും രോമകൂപങ്ങളിൽ തുളച്ചുകയറുന്ന നരകാഗ്നിയുടെ ശിക്ഷയിൽനിന്ന് അവൻ നമ്മെ കാത്തുരക്ഷിക്കുകയും ചെയ്തു. തീർച്ചയായും നാം മുമ്പേ അവനോട് പ്രാർഥിക്കുന്നവരായിരുന്നു. തീർച്ചയായും അവൻ തന്നെയാകുന്നു ഔദാര്യവാനും കരുണാനിധിയും" (ക്വുർആൻ 52: 25-28).

ഒരിക്കലും മരണമില്ലാത്ത, എന്നെന്നും ജീവിച്ചിരിക്കുന്നവനായ അല്ലാഹുവിനോട് മാത്രമെ ഇവർ പ്രാർഥിക്കുകയുള്ളൂ. അല്ലാഹു ഇവരെക്കുറിച്ച് പറയുന്നു:





**തിന്മകൾ സംഭവിച്ചുപോയാൽ ഉടനെ പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് പാപമോചനത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നുവെന്നതാണ് യഥാർഥ വിശ്വാസിയുടെ ഗുണമായി അല്ലാഹു എടുത്തുപറഞ്ഞിട്ടുള്ളത്. ഐഹികവും പാരത്രികവുമായ ഗുണത്തിനുവേണ്ടി അവൻ പ്രാർഥിക്കുക അല്ലാഹുവിനോട് മാത്രമാണ്. സ്വർഗം കൊതിക്കുന്നവർ അല്ലാഹുവിനോടല്ലാതെ പ്രാർഥിക്കുകയില്ല. അവനിലേക്കല്ലാതെ കൈകളുയർത്തുകയില്ല.**

"ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും. എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല" (ക്വുർആൻ 32:16-17).

പ്രാർഥന ഇന്ന സമയത്ത്, ഇന്ന സ്ഥലത്തുവച്ചേ ആകാവൂ എന്നില്ല. എന്നാൽ ചില സ്ഥലങ്ങളിലും സമയങ്ങളിലും നടത്തുന്ന പ്രാർഥനക്കും ചിലയാളുകളുടെ പ്രാർഥനക്കും ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ളതായി നബി(സ്വ) അറിയിച്ചുതന്നിട്ടുണ്ട്.

1. അറഫയിലെ പ്രാർഥന: അംറുബ്നു ശുഐബ്(റ) തന്റെ പിതാവിൽനിന്ന്; നബി(സ്വ) പറഞ്ഞു: "പ്രാർഥനകളിൽ ഉന്നതമായത് അറഫാദിനത്തിലെ പ്രാർഥനയാണ്. ഞാനും എന്റെ മുമ്പ് വന്നിട്ടുള്ള പ്രവാചകന്മാരും പറഞ്ഞ വാക്യത്തിൽ ഏറ്റവും നല്ല വാക്യം 'അല്ലാഹുവല്ലാതെ യഥാർഥത്തിൽ ആരാധനക്കർഹനായി ആരും തന്നെയില്ല. അവന്നാണ് ആധിപത്യം. അവന്നാണ് സർവസ്തുതിയും. അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു എന്നതാണ്" (തിർമിദി. അൽബാനി ഈ ഹദീസ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്).

2. അയ്യാമുത്തശ്‌രീകിൽ ജംറത്തുൽ സുഗ്‌റാ, വുസ്ത്വാ എന്നിവയിൽ എറിഞ്ഞശേഷമുള്ള പ്രാർഥന: സുഹ്‌രി(റ) നിവേദനം: "മിനായിലെ പള്ളിയോട് അടുത്ത് നിൽക്കുന്ന ജംറയിൽ നബി(സ്വ) ഏഴ് കല്ലുകൾ എറിയുകയും ഓരോ ഏറിനോടൊപ്പം തക്ബീർ ചൊല്ലുകയും ചെയ്തിരുന്നു. എന്നിട്ട് അൽപം മുന്നോട്ട് നീങ്ങി ക്വിബ്‌ലക്ക് അഭിമുഖമായി തന്റെ രണ്ട് കൈകളും ഉയർത്തി പ്രാർഥിക്കുമായിരുന്നു. ആ നിറുത്തം ദീർഘിപ്പിക്കുമായിരുന്നു. പിന്നെ രണ്ടാമത്തെ ജംറയിൽ വന്ന് തക്ബീറോട് കൂടി ഏഴ് കല്ലുകൾ എറിയുകയും പിന്നീട് ഇടത് ഭാഗത്തുള്ള വാദിയിലേക്ക് മാറി ക്വിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈകൾ ഉയർത്തി പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. പിന്നീട് അടുത്ത ജംറയിൽ വന്ന് തക്ബീറോട് കൂടി ഏഴ് കല്ലുകൾ എറിഞ്ഞ് അവിടെ നിൽക്കാതെ വിരമിക്കുമായിരുന്നു" (ബുഖാരി).

3. കഅ്ബയുടെ ഉൾഭാഗത്ത്‌വച്ചുള്ള പ്രാർഥന: ഉസാമതുബ്നുസൈദ്(റ) നിവേദനം: "നബി(സ്വ) കഅ്ബയിൽ പ്രവേശിച്ചപ്പോൾ അതിന്റെ എല്ലാ ഭാഗത്ത്‌വച്ചും പ്രാർഥിക്കുകയുണ്ടായി" (മുസ്‌ലിം).

5. സ്വഫ, മർവയിലുള്ള പ്രാർഥന: ജാബിറി(റ)ൽനിന്ന് നിവേദനം; നബി(സ)യുടെ അവസാന ഹജ്ജിനെ സംബന്ധിച്ച നീണ്ട ഹദീഥിൽ നിന്ന്: ".... പിന്നീട് സ്വഫയിലേക്ക് നബി(സ്വ) പുറപ്പെട്ടു. സ്വഫയോട് അടുത്തപ്പോൾ അദ്ദേഹം ഇത് പാരായണം ചെയ്തു: 'തീർച്ചയായും സഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു' (അൽബക്വറ:158). 'അല്ലാഹു തുടങ്ങിയത് കൊണ്ട് ഞാൻ തുടങ്ങുന്നു'-സ്വഫയിൽ നിന്ന് അദ്ദേഹം തുടർന്നു. അതിന്റെ മുകളിലേക്ക് കയറി കഅ്ബയെ കാണുന്ന രൂപത്തിൽ ക്വിബ്‌ലക്ക് അഭിമുഖമായി നിന്നു. എന്നിട്ട് അല്ലാഹുവിന്റെ ഏകത്വത്തെ വാഴ്ത്തി, തക്ബീർ ചൊല്ലി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊ

രാരാധ്യനുമില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരനുമില്ല. രാജാധിപത്യവും സർവസ്തുതിയും അവന്നുള്ളത് തന്നെ. അവൻ സർവശക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തന്റെ വാഗ്ദത്തം അവൻ നിറവേറ്റി. തന്റെ അടിമയെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.' ഈ രൂപത്തിൽ മൂന്ന് പ്രാവശ്യം പ്രാർഥിച്ചു...(സ്വഫയിൽ പ്രവർത്തിച്ചത് പോലെ മർവയിലും ചെയ്തു)" (മുസ്‌ലിം).



**പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന വിഭാഗങ്ങൾ**

ചിലയാളുകൾ പ്രാർഥിക്കുകയാണെങ്കിൽ അല്ലാഹു ആ പ്രാർഥനക്ക് പെട്ടെന്ന് ഉത്തരം നൽകുന്നതാണ്. അവരുടെ പ്രാർഥന തടയപ്പെടുകയില്ല.

1. കഷ്ടപ്പെടുന്നവന്റെ പ്രാർഥന: കഷ്ടപ്പെട്ടവൻ വിളിച്ച് പ്രാർഥിച്ചാൽ അവന്ന് അല്ലാഹു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും ചെയ്യും.

അല്ലാഹു പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (അന്നംല് 62).

2. അക്രമിക്കപ്പെട്ടവന്റെ പ്രാർഥന: അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ്വ) പറഞ്ഞു: "മൂന്ന് വിഭാഗമാളുകൾ; അവരുടെ പ്രാർഥനകൾ തടയപ്പെടുകയില്ല: അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, യാത്ര ക്കാരന്റെ പ്രാർഥന, മക്കൾക്ക് വേണ്ടി മാതാപിതാക്കളുടെ പ്രാർഥന" (തിർമിദി, അൽബാനി ഈ ഹദീസ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്).

3. നോമ്പുകാരന്റെയും യാത്രക്കാരന്റെയും പിതാവിന്റെയും പ്രാർഥന: നബി(സ്വ) പറഞ്ഞു: "മൂന്ന് പ്രാർഥനകൾക്ക് ഉത്തരം ലഭിക്കും: നോമ്പുകാരന്റെ പ്രാർഥന, അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന."

4. വിശ്വാസി തന്റെ സഹോദരന് വേണ്ടി അവന്റെ അസാന്നിധ്യത്തിൽ നടത്തുന്ന പ്രാർഥന: നബി(സ്വ) പറഞ്ഞു: "മുസ്‌ലിമായ ഒരു വ്യക്തി, തന്റെ സഹോദരന് വേണ്ടി അവന്റെ അസാന്നിധ്യത്തിൽ പ്രാർഥിക്കുന്നത് സ്വീകരിക്കപ്പെടുന്നതാണ്. അവന്റെ തലയുടെ ഭാഗത്ത് (കാര്യങ്ങൾ) ഏൽപിക്കപ്പെട്ട ഒരു മലക്കുണ്ട്. തന്റെ സഹോദരന് നന്മക്ക് വേണ്ടിയുള്ള ഓരോ പ്രാർഥനാവേളയിലും മലക്ക് പറയും: 'ആമീൻ, നിനക്കും അതുപോലെയുണ്ടാവട്ടെ" (മുസ്‌ലിം).

5. ഐശ്വര്യസമയത്തും ബുദ്ധിമുട്ടുള്ള സമയത്തുമുള്ള പ്രാർഥന: അബൂഹുറയ്റ(റ)യിൽനിന്ന്: പ്രവാകൻ(സ) പറഞ്ഞു: "ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉള്ളപ്പോൾ ആർക്കെങ്കിലും പ്രാർഥനക്ക് ഉത്തരം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഐശ്വര്യമുള്ളപ്പോൾ അവൻ പ്രാർഥന അധികരിപ്പിക്കട്ടെ" (തിർമിദി. ഈ ഹദീസ് ഹസനാണെന്ന് അൽബാനി വ്യക്തമാക്കിയിട്ടുണ്ട്).

6. അല്ലാഹുവിനെ ധാരാളം സ്മരിക്കുന്നവന്റെയും അക്രമിക്കപ്പെട്ടവന്റെയും നീതിമാനായ ഇമാമിന്റെയും പ്രാർഥന. അബൂഹുറയ്റ(റ) നിവേദനം; പ്രവാചകൻ(സ്വ) പറഞ്ഞു: "മൂന്ന് വിഭാഗമാളുകൾ, അവരുടെ പ്രാർഥനകൾ തടയപ്പെടുകയില്ല. അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവർ, അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, നീതിമാനായ ഭരണാധികാരിയുടെ പ്രാർഥന" (ബൈഹഖി, ഈ ഹദീഥ് ഹസനാണെന്ന് അൽബാനി വ്യക്തമാക്കിയിട്ടുണ്ട്).

**നിഷിദ്ധമായ പ്രാർഥനകൾ**

പ്രാർഥന സൃഷ്ടികർത്താവിനോട് മാത്രമെ പാടുള്ളൂ. സൃഷ്ടികളോട് പ്രാർഥിക്കുന്നത് ഏറ്റവും വലിയ അക്രമമാണ്. അല്ലാഹു അത് ഒരിക്കലും പൊറുക്കുകയില്ല. സത്യവിശ്വാസി ഒരിക്കലും ചെയ്യാൻ പാടില്ലാത്ത ചില പ്രാർഥനകളുണ്ട്. അവ താഴെ കൊടുക്കുന്നു:

1. അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥന: "അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമകാരികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും



**പ്രാർഥിച്ചിട്ട് ഉത്തരം ലഭിക്കുന്നില്ല എന്ന് പറഞ്ഞ് പ്രാർഥന ഉപേക്ഷിക്കാതിരിക്കുക. പ്രാർഥന നമുക്ക് നന്മയല്ലാതെ വരുത്തുകയില്ല. പ്രാർഥനകൊണ്ട് നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടും. അല്ലെങ്കിൽ ആ പ്രാർഥന നമുക്ക് ഗുണകരമായിത്തീരും. ആയതിനാൽ കൂടുതൽ കൂടുതൽ പ്രാർഥിക്കുവാൻ തയ്യാറാവുക. അല്ലാഹുവിനോട് ആരാണോ കൂടുതൽ ചോദിക്കുന്നത് അവനോടാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടമുണ്ടാവുക. സ്വർഗം ലക്ഷ്യമാക്കി ജീവിക്കുന്ന നമ്മൾ ഒരിക്കലും പ്രാർഥനയെ നിസ്സാരമായി കാണരുത്. തന്റെ ദുർബലതയും ഇല്ലായ്മയും വിനയവുമെല്ലാം സർവശക്തന്റെ മുമ്പിൽ പ്രകടമാക്കുന്ന, തുറന്നു പറയുന്ന ഭവ്യതയുടെ പ്രകടരൂപമാണ് പ്രാർഥന. പ്രാർഥനയില്ലായെങ്കിൽ അല്ലാഹു നമ്മെ പരിഗണിക്കുകയേയില്ല എന്ന് ക്വുർആൻ അറിയിക്കുന്നത് നാം ഗൗരവത്തിൽ കാണുകതന്നെ വേണം.**

ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റുവാൻ ആരുമില്ല. തന്റെ ദാസന്മാരിൽനിന്ന് താൻ ഇഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (യൂനുസ്: 106-107).

പ്രവാചകൻ(സ്വ) പറഞ്ഞു: "പ്രാർഥന അത് ആരാധന തന്നെയാകുന്നു." ആയതിനാൽ ആരാധനയായ പ്രാർഥന അല്ലാഹുവിനോട് മാത്രമെ പാടുള്ളൂ. കാരണം ആരാധനയായ പ്രാർഥന മറ്റുള്ളവരോടായാൽ അത് മറ്റുള്ളവർക്കുള്ള ആരാധനയാകും. അത് ശിർക്കും ഇസ്‌ലാമിൽനിന്ന് തന്നെ പുറത്ത് പോകുന്നതുമായ കാര്യമാണ്.

2. സ്വന്തത്തിനെതിനെതിരായി മരണത്തിനോ, നാശത്തിനോ വേണ്ടിയുള്ള പ്രാർഥന: പ്രവാചകൻ(സ്വ) പറഞ്ഞു: "നിങ്ങൾക്ക് ബാധിച്ച ഒരു ബുദ്ധിമുട്ട് കാരണം നിങ്ങൾ മരണത്തെ ആഗ്രഹിക്കരുത്. ഇനി അങ്ങനെ ആഗ്രഹിക്കൽ നിർബന്ധമാണെങ്കിൽ അവൻ ഇങ്ങനെ പറയട്ടെ: 'അല്ലാഹുവേ, എനിക്ക് ജീവിതമാണ് ഉത്തമമെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ. അതല്ല, എനിക്ക് മരണമാണ് ഉത്തമമെങ്കിൽ എന്നെ നീ മരിപ്പിക്കുകയും ചെയ്യേണമേ" (ബുഖാരി, മുസ്‌ലിം).

3. സന്താനങ്ങൾ, സമ്പത്ത് എന്നിവക്കെതിരെയുള്ള പ്രാർഥന: പ്രവാചകൻ(സ്വ) പറഞ്ഞു: "നിങ്ങൾ സ്വന്തത്തിനെതിരിൽ പ്രാർഥിക്കരുത്. നിങ്ങളുടെ സന്താനങ്ങൾക്കെതിരിൽ പ്രാർഥിക്കരുത്. നിങ്ങളുടെ സമ്പത്തിനെതിരിലും നിങ്ങൾ പ്രാർഥിക്കരുത്. അല്ലാഹുവിന്റെ അടുത്ത് ഒരു സമയമുണ്ട്. ആ സമയത്ത് നിങ്ങൾ എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കത് നൽകാതിരിക്കില്ല" (മുസ്‌ലിം).

4. യുദ്ധമുണ്ടാവാനും ശത്രുവിനെ കണ്ടുമുട്ടാനുമുള്ള പ്രാർഥന: പ്രവാചകൻ(സ്വ) പറഞ്ഞു: "നിങ്ങൾ ശത്രുവിനെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കരുത്. അല്ലാഹുവിനോട് ആരോഗ്യം ചോദിക്കുക. നിങ്ങൾ അവരെ കണ്ടുമുട്ടിയാൽ നിങ്ങൾ ക്ഷമിക്കുക..." (മുസ്‌ലിം).

5. തെറ്റുകളും പാപങ്ങളും ചെയ്യുവാനുള്ള പ്രാർഥന: അബീ സഈദി(റ)ൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: 'പാപവും കുടുംബ ബന്ധം മുറിക്കലും ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യത്തിൽ ഒരു മുസ്‌ലിം പ്രാർഥിച്ചാൽ മൂന്നിൽ ഒരു കാര്യം അല്ലാഹു അവന് നൽകുന്നതാണ്. ഒന്നുകിൽ അവൻ പ്രാർഥിച്ച കാര്യം പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നു, അതുമല്ലെങ്കിൽ അത്പോലെയുള്ള തിന്മ അവനെ തൊട്ട് തടയുന്നു.' സ്വഹാബികൾ ചോദിച്ചു: 'അപ്പോൾ ഞങ്ങൾ പ്രാർഥന അധികരിപ്പിക്കുകയോ?' പ്രവാചകൻ(സ്വ) അരുളി: 'അല്ലാഹു തന്നെയാണെ സത്യം, അധികരിപ്പിക്കൂ" (ഇമാം അഹ്മദ്).

6. അതിരുവിട്ട പ്രാർഥന: അബൂനുഹാമ(റ)യിൽനിന്ന്; അബ്ദുല്ലാഹിബ്നു മുഗഫൽ(റ) തന്റെ മകൻ (ഇങ്ങനെ) പ്രാർഥിക്കുന്നതായി കേട്ടു: 'ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ സ്വർഗത്തിന്റെ വലതുഭാഗത്ത് നീ എനിക്ക് തൂവെള്ള കോട്ടാരം നൽകുക.' അപ്പോൾ മകനോട് അദ്ദേഹം പറയുകയുണ്ടായി: 'കുഞ്ഞുമകനേ, അല്ലാഹുവിനോട് നീ സ്വർഗം ചോദിക്കുക. നരകത്തിൽ നിന്ന് രക്ഷയും ചോദിക്കുക. കാരണം ഞാൻ നബി(സ)യിൽ നിന്ന് (ഇപ്രകാരം) കേൾക്കുകയുണ്ടായി: 'ഈ സമുദായത്തിൽ പ്രാർഥനയിലും ശുദ്ധിവരുത്തുന്നതിലും അതിരുകടക്കുന്ന ഒരു വിഭാഗം ഉണ്ടാവുക തന്നെ ചെയ്യുന്നതാണ്' (അബൂദാവൂദ്. ഈ ഹദീസിനെ അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്).

### പ്രാർഥനക്ക് ഉത്തരം ലഭിക്കാതിരിക്കുവാനുള്ള കാരണം

അല്ലാഹുവിനോട് ഞാൻ കുറെ പ്രാർഥിച്ചു. പക്ഷേ, എനിക്ക് ഇതുവരെ ഉത്തരം ലഭിച്ചില്ല എന്ന് ചിലയാളുകൾ പറയുന്നതായി നാം കേൾക്കാറുണ്ട്. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്കാണ് പ്രാർഥനക്ക് ഉടനടി ഉത്തരം നൽകുക. പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നില്ലെങ്കിൽ ആത്മവിചാരണ ചെയ്ത് കൊണ്ട് തന്നിൽനിന്നും വന്നുപോകുന്ന, വന്നുപോയിട്ടുള്ള തെറ്റുകളിൽ പശ്ചാത്തപിക്കുകയും അല്ലാഹുവി

നോട് പൊറുക്കലിനെ തേടുകയും ചെയ്യുക. നബി(സ്വ)യോട് തനിക്ക് പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നില്ലാ യെന്ന് പരാതിപ്പെട്ട വ്യക്തിയോട് അവിടുന്ന് പറഞ്ഞത് 'നീ നിന്റെ ഭക്ഷണം നല്ലതാക്കുക' എന്നാണ്.

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം: പ്രവാചകൻ(സ) പറഞ്ഞു: "ഒരാളും തന്നെ ഉത്തരം നൽകപ്പെടാതെ അല്ലാഹുവിനോട് യാതൊന്നും പ്രാർഥിക്കുന്നില്ല. ഒന്നുകളിൽ അത് ഇഹലോകത്ത് പെട്ടെന്ന് നൽകുന്നു. അല്ലെങ്കിൽ പരലോകത്തേക്ക് അത് നിക്ഷേപിച്ച് വെക്കുന്നു. അതുമല്ലെങ്കിൽ പ്രാർഥിക്കുന്നതിന്റെ തോതനുസരിച്ച് അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നു. പ്രാർഥനയിൽ തെറ്റ് ചെയ്യുവാനോ, കുടുംബ ബന്ധം മുറിക്കുവാനോ, ധൃതികൂട്ടുകയോ ചെയ്യാത്തിടത്തോളം അവന് ഉത്തരം ലഭിക്കും."

പ്രാർഥിച്ചിട്ട് ഉത്തരം ലഭിക്കുന്നില്ല എന്ന് പറഞ്ഞ് പ്രാർഥന ഉപേക്ഷിക്കാതിരിക്കുക. പ്രാർഥന നമുക്ക് നന്മയല്ലാതെ വരുത്തുകയില്ല. പ്രാർഥനകൊണ്ട് നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടും. അല്ലെങ്കിൽ ആ പ്രാർഥന നമുക്ക് ഗുണകരമായിത്തീരും. ആയതിനാൽ കൂടുതൽ കൂടുതൽ പ്രാർഥിക്കുവാൻ തയ്യാറാവുക. അല്ലാഹുവിനോട് ആരാണോ കൂടുതൽ ചോദിക്കുന്നത് അവനോടാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടമുണ്ടാവുക.

സ്വർഗം ലക്ഷ്യമാക്കി ജീവിക്കുന്ന നമ്മൾ ഒരിക്കലും പ്രാർഥനയെ നിസ്സാരമായി കാണരുത്. തന്റെ ദുർബലതയും ഇല്ലായ്മയും വിനയവുമെല്ലാം സർവശക്തന്റെ മുമ്പിൽ പ്രകടമാക്കുന്ന, തുറന്നു പറയുന്ന ഭവ്യതയുടെ പ്രകടരൂപമാണ് പ്രാർഥന. പ്രാർഥനയില്ലായെങ്കിൽ അല്ലാഹു നമ്മെ പരിഗണിക്കുകയേയില്ല എന്ന് ക്വുർആൻ അറിയിക്കുന്നത് നാം ഗൗരവത്തിൽ കാണുക തന്നെ വേണം. ■

ലേഖനം

# നാം ആത്മാർഥതയുള്ളവരാണോ?

ശൈഖ് അബൂമാലിക് അബ്ദുൽ ഹമീദ് അൽജുഹനി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ



അല്ലാഹു പറഞ്ഞു: “അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും” (25:23).

എന്തെന്നാൽ, അല്ലാഹുവിന്റെ വജ്ഹ് ഉദ്ദേശിച്ചുകൊണ്ടല്ല അവർ ഈ കർമങ്ങൾ ചെയ്തത്. അല്ലാഹുവിന്റെ വജ്ഹ് പ്രതീക്ഷിക്കാതെ ചെയ്യുന്ന മുഴുവൻ കർമങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. അപ്പോൾ, അന്തിമമായി കർമങ്ങൾ ചിതറിയ ധൂളിപോലെ ആയിത്തീരുമെങ്കിൽ ഈ അധ്വാനത്തിന്റെയും ക്ഷീണത്തിന്റെയും പ്രയോജനമെന്താണ്? അതിനാൽ, കർമങ്ങൾ ചെയ്യുന്നവനേ, (ഓർക്കുക) ഇഖ്‌ലാസ് (ആത്മാർഥത)! ഇഖ്‌ലാസ്!

ഇഖ്‌ലാസുള്ളവന്റെ ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്:

1. കർമങ്ങൾ പാഴാകാതിരിക്കുന്നതിനും അതിന്റെ പ്രതിഫലം കുറഞ്ഞുപോകാതിരിക്കുന്നതിനും വേണ്ടി കർമങ്ങൾ കൃത്യതയോടെയും നിഷ്ഠയോടെയുമാണെന്ന് അവൻ ഉറപ്പുവരുത്തും. അങ്ങനെ നബിചര്യക്കനുസൃതമായി സൽകർമങ്ങൾ ചെയ്തുകൊണ്ട് അവൻ അല്ലാഹുവിലേക്ക് അടുക്കും.

2. അതൃപ്തിയോടും അവജ്ഞയോടുംകൂടി അവൻ സ്വന്തത്തിലേക്ക് നിരന്തരം നോക്കിക്കൊണ്ടിരിക്കും. ഇതു കാരണം അവന് സ്വന്തത്തെക്കുറിച്ച് വിസ്മയമുണ്ടാകുകയോ, സ്വന്തം കർമങ്ങളിൽ വഞ്ചിതനാകുകയോ ഇല്ല. അല്ലാഹു അവനിൽനിന്നും അവന്റെ കർമങ്ങൾ സ്വീകരിക്കുകയില്ല എന്ന ഭയത്തോടുകൂടിയാണ് അവൻ കർമങ്ങൾ ചെയ്യുക.

3. സ്വന്തം കർമങ്ങളെക്കുറിച്ച് അവൻ മറ്റുള്ളവരോട് പൊങ്ങച്ചം പറയുകയില്ല. അതല്ലെങ്കിൽ, അല്ലാഹുവോട് ചെയ്യുന്ന ഒരു ദാക്ഷിണ്യമായി അവൻ അതിനെ കാണുകയുമില്ല.

“സത്യവിശ്വാസത്തിലേക്ക് നിങ്ങൾക്ക് മാർഗദർശനം നൽകി എന്നത് അല്ലാഹു നിങ്ങളോട് ദാക്ഷിണ്യം കാണിക്കുന്നതാകുന്നു. നിങ്ങൾ സത്യവാൻമാരാണെങ്കിൽ” (അൽഹുജുറാത്: 17).

4. ജനങ്ങളുടെ മുന്നിൽ അവന്റെ കർമങ്ങൾ പരസ്യപ്പെടുത്തുന്നതിനെ അവൻ ഇഷ്ടപ്പെടുകയില്ല. താൻ ചെയ്ത കാര്യങ്ങൾ പരസ്യപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് പകരം അവ മറച്ചുവെക്കുന്നതാണ് അവന് ഇഷ്ടം.

ആരാധനാനിഷ്ഠയുള്ള സലഫുകളിൽ പെട്ട ഒരാളായ അംറുബ്നുൽ കൈസ് കരയാനുദ്ദേശിച്ചാൽ മതിലിന്റെ ഭാഗത്തേക്ക് തന്റെ മുഖത്തെ തിരിക്കുമായിരുന്നു. എന്നിട്ട് തന്റെ ആളുകളോട് പറയും: “ഇത് എനിക്ക് ബാധിച്ച ഒരു ജലദോഷം മാത്രമാണ്” (അൽഹിൽയ: 5/103).

5. പ്രശംസയുടെയും മുഖസ്തുതിയുടെയും വിഷയത്തിൽ വിരക്തി കാണിക്കുന്നവനാണ് (സാഹിദ്) അവൻ. അവൻ അതിനെ ഇഷ്ടപ്പെടുകയോ അത് പ്രതീക്ഷിക്കുകയോ ചെയ്യുകയില്ല. സുഹ്ദ് (വിരക്തി) എന്നത് വെറും ഐഹിക വിഭവങ്ങളോടുള്ള വിരക്തി മാത്രമല്ല. പ്രത്യുത, ഏറ്റവും ശക്തമായ സുഹ്ദ് ജനങ്ങളുടെ പ്രശംസയോടും അവരുടെ സ്തുതിവചനങ്ങളോടുമുള്ള വിരക്തിയാണ്.

ജനങ്ങളുടെ പ്രശംസയും മുഖസ്തുതിയും പ്രതീക്ഷിക്കുന്ന എത്രയെത്ര സാഹിദുകളാണ് ഈ ദുനിയാവിൽ! അല്ലാമുൽ ഗുയൂബ് (അദൃശ്യകാര്യങ്ങൾ നന്നായി അറിയുന്നവൻ) അല്ലാതെ മറ്റാരും അവരുടെ ഹൃദയങ്ങളിലുള്ളതിനെ

പറ്റി അറിയുകയില്ല.

6. അവൻ പ്രശസ്തിയെ ഇഷ്ടപ്പെടുകയില്ല; പ്രശസ്തിക്ക് വേണ്ടി പരിശ്രമിക്കുകയുമില്ല. പ്രത്യുത, തന്റെ ഇഖ്ലാസിനെ അത് ദുഷിപ്പിക്കുമെന്ന ഉത്തമ ബോധ്യമുള്ളതിനാൽ അതിൽനിന്നും അവൻ എല്ലായ്പോഴും ഓടിയകലും. ഇഖ്ലാസുള്ള എത്രയെത്ര സജീവ പ്രവർത്തകരെയാണ് പ്രശസ്തി ദുഷിപ്പിച്ചിട്ടുള്ളത്! അങ്ങനെ, ജനങ്ങളുടെ പ്രീതിക്ക് പിന്നാലെ പോയി അല്ലാഹുവിന്റെ കോപം അവർ ഏറ്റുവാങ്ങി.

അയ്യൂബ് അസ്സഖ്തിയാനി(റഹ്) പറഞ്ഞു: "അല്ലാഹുവാണെ! തന്റെ പദവിയെക്കുറിച്ച് (ജനങ്ങൾ) അറിയാതിരിക്കുന്നത് ഒരടിമയെ സന്തോഷിപ്പിക്കുന്നില്ലെങ്കിൽ അവൻ തന്റെ റബ്ബിനോട് സത്യസന്ധത പുലർത്തിയിട്ടില്ല"(അൽഹിൽയ: 3/6).

7. അവൻ ഇസ്‌ലാഹ് ഇഷ്ടപ്പെടുന്നു. നന്മ വ്യാപിക്കുന്നതിനെയും അല്ലാഹുവിനെ അനുസരിച്ചു കൊണ്ട് സഹസൃഷ്ടികൾ നിലകൊള്ളുന്നതിനെയും അവൻ ഇഷ്ടപ്പെടുന്നു; അത് അവനിലൂടെയായാലും അല്ലെങ്കിലും ശരി. എന്തെന്നാൽ, അവൻ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ടാണ് പ്രവർത്തിക്കുന്നത്. അല്ലാതെ, സ്വന്തത്തെ മഹത്വപ്പെടുത്തുന്നതിനോ, ജനങ്ങൾക്കിടയിൽ വല്ല പദവിയും പ്രതീക്ഷിച്ചു കൊണ്ടോ അല്ല.

ഇമാം ശാഫിഈ(റഹ്) പറഞ്ഞു: "എനിക്കറിയുന്ന മുഴുവൻ ജ്ഞാനവും ജനങ്ങൾക്ക് ലഭിക്കണമെന്നും അതിന്റെ പേരിൽ അവർ എന്നെ പ്രശംസിക്കരുതെന്നും ഞാൻ ആഗ്രഹിക്കുന്നു"(അൽഹിൽയ: 9/119).

8. തന്റെ പരിശ്രമങ്ങളും കീർത്തിയും അതിജയിക്കുന്നതിനായി ദഅ്‌വത്തിന്റെയും ഇസ്‌ലാഹിന്റെയും മേഖലയിൽ പ്രവർത്തിക്കുന്ന ഇതരരുടെ പ്രവർത്തനങ്ങളെ അവൻ വിലകുറച്ചു കാണുകയില്ല. അവൻ സത്യസന്ധനും ഇഖ്ലാസുള്ള ഒരുവനുമാണെങ്കിൽ, ഇതരരുടെ ആ പരിശ്രമങ്ങൾക്ക് ബർകത്തിനായി തേടുകയും അതിന്റെ ആളുകളെ പുകഴ്ത്തുകയും അതിൽ സന്തോഷിക്കുകയും ചെയ്യും. എന്നാൽ, ലോകമാന്യൻ തന്റെതല്ലാത്ത ഒരു പ്രവൃത്തിയെയും പുകഴ്ത്താൻ തയ്യാറാവുകയില്ല.

ഇബ്നുൽ ജൗസി(റഹ്) പറഞ്ഞു: "താൻ തേടിപ്പോകുന്ന കാര്യം തനിക്ക് ലഭിക്കുകയില്ലെന്ന് ലോകമാന്യൻ മനസ്സിലാക്കണം. ഹൃദയങ്ങൾ അവനു നേരെ തിരിയണമെന്നാണ് അവൻ ഉദ്ദേശിക്കുന്നത്. എന്നാൽ, ഇഖ്ലാസ് ഇല്ലാതാകുന്നതോടെ ഹൃദയങ്ങളുടെ സ്നേഹം നിഷേധിക്കപ്പെടും; ഒരാളും അവനിലേക്ക് തിരിയുകയുമില്ല. ഇഖ്ലാസുള്ളവൻ സ്നേഹിക്കപ്പെടും. കാണിക്കണമെന്ന് താൻ ആഗ്രഹിക്കുന്നവരുടെ ഹൃദയങ്ങൾ താൻ ധിക്കരിക്കുന്നവന്റെ (അല്ലാഹുവിന്റെ) കരങ്ങളിലാണെന്ന് അറിഞ്ഞിരുന്നെങ്കിൽ അവൻ അത് ചെയ്യില്ലായിരുന്നു" (സൈദുൽ ഖാതിർ, പേജ് 387).



**ജനങ്ങളുടെ പ്രശംസയും മുഖസ്തുതിയും പ്രതീക്ഷിക്കുന്ന എത്രയെത്ര സാഹിദുകളാണ് ഈ ദുനിയാവിൽ! അല്ലാമുൽ ഗുയൂബ് (അദൃശ്യകാര്യങ്ങൾ നന്നായി അറിയുന്നവൻ) അല്ലാതെ മറ്റാരും അവരുടെ ഹൃദയങ്ങളിലുള്ളതിനെ പറ്റി അറിയുകയില്ല. അവൻ പ്രശസ്തിയെ ഇഷ്ടപ്പെടുകയില്ല; പ്രശസ്തിക്ക് വേണ്ടി പരിശ്രമിക്കുകയുമില്ല. പ്രത്യുത, തന്റെ ഇഖ്ലാസിനെ അത് ദുഷിപ്പിക്കുമെന്ന ഉത്തമ ബോധ്യമുള്ളതിനാൽ അതിൽനിന്നും അവൻ എല്ലായ്പോഴും ഓടിയകലും.**

9. വിമർശനങ്ങളിൽ അവൻ തളരുകയില്ല. പ്രത്യുത, അത് അവൻ പരിശോധിക്കും. വിമർശനം വസ്തുതാപരമാണെങ്കിൽ, അവൻ പരസ്യമായി അതിൽ നിന്നും ഖേദിച്ചുമടങ്ങുകയും വിമർശകന് നന്ദി പറയുകയും ചെയ്യും. വിമർശനം വസ്തുതാപരമല്ല; എങ്കിലും വിമർശകൻ ഗുണകാംക്ഷയുള്ളവനാണെങ്കിൽ, വിമർശിച്ചവന് പ്രയോജനമുണ്ടാകുന്ന വിധത്തിൽ, അവൻ തന്റെ നിലപാട് വിശദീകരിക്കുകയും

തെളിവുകൾ വ്യക്തമാക്കിക്കൊടുക്കുകയും വളരെ നല്ലനിലയിൽ അതിനെ പ്രതിരോധിക്കുകയും ചെയ്യും.

ഇനി വിമർശകൻ തർക്കിക്കുന്നവനും പിടിവാശിക്കാരനുമാണെങ്കിൽ, അവനിൽനിന്നും തിരിഞ്ഞു കളയുകയും അവനുമായി ഇടപഴകാതിരിക്കുകയും ചെയ്യും. ക്വുർആനിൽനിന്നാണ് ഈ ഒരു പെരുമാറ്റ രീതി അവൻ സ്വീകരിച്ചത്:

''നീ അവിവേകികളെ വിട്ട് തിരിഞ്ഞു കളയുകയും ചെയ്യുക'' (അൽഅഅ്റാഫ്: 199).

10. നന്നായി ഒരുങ്ങുന്നതിന് മുമ്പായി മുൻനിരയിലേക്ക് വരാൻ



അവൻ ധൃതികാണിക്കുകയില്ല. ഇഹലോകത്തിന്റെ ആളുകൾക്കിടയിൽ സ്ഥാനം ലഭിക്കുന്നതിനായി ഏതെങ്കിലും ഒരു പ്രത്യേക വിജ്ഞാന ശാഖയിൽ മാത്രം മുഴുകി അതിനെക്കാൾ ആവശ്യമായ മറ്റൊന്നിനെ അവൻ മാറ്റി നിർത്തുകയുമില്ല. ഖേദകരമെന്നു പറയട്ടെ, അതാണ് ഇന്ന് ചില യുവാക്കൾക്കിടയിൽ കണ്ടുവരുന്നത്.

ഹദീസുകൾക്ക് വളരെയധികം തഖ്‌രീജ് നൽകിക്കൊണ്ട് അവർ ലേഖനങ്ങൾ പ്രസിദ്ധീകരിക്കും. എന്നാൽ, അവരിൽ പെട്ട ഒരാളോട് ശുദ്ധീകരണവുമായി ബന്ധപ്പെട്ട ഒരു മസ്അല ചോദിച്ചാൽ അതിന്റെ ഉത്തരം അയാൾക്ക് അറിഞ്ഞുകൊള്ളണമെന്നില്ല!

മറ്റൊരു കൂട്ടർ, വ്യക്തികളെ ആക്ഷേപിക്കുന്നതിൽ മുഴുകിയവരാണ്. അതിലൂടെ തങ്ങൾ വിമർശകരും 'ജർഹ് വത്തഅ്ദീലി'ന്റെ ആളുകളുമാണെന്ന് വാദിച്ചുകൊണ്ട് ജനങ്ങളുടെ ശ്രദ്ധ അവരിലേക്ക് തിരിക്കാൻ ശ്രമിക്കും. എന്നാൽ അവരിൽ ചിലർ ക്വുർആൻ പോലും നേരാംവണ്ണം ഓതാൻ സാധിക്കാത്തവരായിരി ക്കും! ഇത്തരക്കാരുടെ അവസ്ഥ എത്ര ഖേദകരം!

11. ജനങ്ങൾ തന്നെക്കുറിച്ച് മോശമായി സംസാരിക്കുകയോ അതൃപ്തി രേഖപ്പെടുത്തുകയോ ചെയ്തു എന്നതിനാൽ തന്റെ കർമങ്ങൾ അവൻ നിർത്തി വെക്കുകയില്ല. കാരണം, അവർക്ക് വേണ്ടിയല്ല, അല്ലാഹുവിന് വേണ്ടിയാണ് അവൻ കർമങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് തന്നെ ആര് വെറുത്താലും അല്ലാഹുവിന്റെ ആജ്ഞയിലും തൃപ്തിയിലുമായി അവൻ തന്റെ കർമങ്ങളിൽ നിലയുറപ്പിക്കും.

അതുപോലെ തന്നെ, തന്നിൽനിന്നും പ്രയോജനം ലഭിക്കുന്നവരുടെ എണ്ണം കുറയുന്നതും കൂടുന്നതും ഒരു നിലയ്ക്കും അവനെ ബാധിക്കുകയില്ല. എന്തെന്നാൽ, അവൻ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിലേക്കാണ് ക്ഷണിക്കുന്നത്; അല്ലാതെ സ്വന്തത്തിലേക്കല്ല.

ഫുദൈൽ ഇബ്നു ഇയാദിന്റെ മകനായ അലി പിതാവിനോട് പറഞ്ഞു: 'എന്റെ പിതാവേ, മുഹമ്മദ് നബി(സ്വ)യുടെ സ്വഹാബികളുടെ സംസാരം എത്ര മധുരതരമാണ്!' ഫുദൈൽ ഇബ്നു ഇയാദ് പറഞ്ഞു: 'എന്റെ കുഞ്ഞുമകനേ, അതു മധുരതരമാകാനുള്ള കാരണം നിനക്കറിയുമോ?' അലി പറഞ്ഞു: 'ഇല്ല.' അദ്ദേഹം പറഞ്ഞു: 'കാരണം, അവർ അതുമുഖേന അല്ലാഹുവിനെയാണ് ലക്ഷ്യം വെച്ചത്'(അൽഹിൽയ: 10/23).

*(സുഊദി അറേബ്യയിലെ യാമ്പുവിൽ ഉമറുബ്നുൽ ഖത്വാബ് മസ്ജിദിലെ ഖത്വീബാണ് ലേഖകൻ)*

**ജനങ്ങൾ തന്നെക്കുറിച്ച് മോശമായി സംസാരിക്കുകയോ അതൃപ്തി രേഖപ്പെടുത്തുകയോ ചെയ്തു എന്നതിനാൽ തന്റെ കർമങ്ങൾ അവൻ നിർത്തി വെക്കുകയില്ല. കാരണം, അവർക്ക് വേണ്ടിയല്ല, അല്ലാഹുവിന് വേണ്ടിയാണ് അവൻ കർമങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് തന്നെ ആര് വെറുത്താലും അല്ലാഹുവിന്റെ ആജ്ഞയിലും തൃപ്തിയിലുമായി അവൻ തന്റെ കർമങ്ങളിൽ നിലയുറപ്പിക്കും. അതുപോലെ തന്നെ, തന്നിൽനിന്നും പ്രയോജനം ലഭിക്കുന്നവരുടെ എണ്ണം കുറയുന്നതും കൂടുന്നതും ഒരു നിലയ്ക്കും അവനെ ബാധിക്കുകയില്ല. എന്തെന്നാൽ, അവൻ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിലേക്കാണ് ക്ഷണിക്കുന്നത്; അല്ലാതെ സ്വന്തത്തിലേക്കല്ല.**

*“അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ (ആഴക്കടലിനെ) പൊതിയുന്നു. അതിനു മീതെ വീണ്ടും തിരമാല. അതിനു മീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല”*

*(അന്നൂർ: 40)*

# ആഴക്കടലിലെ അന്ധകാരം

**ഡോ. ടി. കെ യൂസുഫ്**
: 9349798262

പതിനെട്ടാം നൂറ്റാണ്ടുവരെ സമുദ്രങ്ങൾ മാനവസമൂഹത്തിന് ഒരു അജ്ഞാത ലോകമായിരുന്നു. ഗ്രീക്ക് പോലുള്ള പുരാതന നാഗരികതകൾ പരിശോധിക്കുകയാണെങ്കിൽ കടലുകളെക്കുറിച്ചുള്ള ഒട്ടനവധി അന്ധവിശ്വാസങ്ങളും കെട്ടുകഥകളും നമുക്ക് കാണാൻ കഴിയും. ആഴക്കടലിലെ വിവരങ്ങൾ അവർക്ക് സാങ്കൽപികമായ ചില ധാരണകൾ മാത്രമായിരുന്നു. അക്കാലത്ത് സമുദ്രങ്ങളിൽ ഇരുപത് മീറ്ററിലധികം മുങ്ങാൻ ആർക്കും കഴിഞ്ഞിരുന്നില്ല. പിന്നീട് ശ്വസിക്കാനുള്ള ഉപകരണം കണ്ടുപിടിച്ചതിന് ശേഷവും ഏറ്റവും വലിയ മുങ്ങൽ വിദഗ്ധർക്ക് പോലും മുപ്പത് മീറ്ററിലധികം ആഴത്തിൽ മുങ്ങാൻ കഴിഞ്ഞിരുന്നിരുന്നില്ല. കാരണം സമുദ്രാന്തർ ഭാഗത്തെ സമ്മർദം മുങ്ങുന്നവന്റെ ശരീരത്തിന്റെ സുസ്ഥിതി നഷ്ടപ്പെടുത്തുകയും ആഴക്കടലിലേക്കുള്ള സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യും.

ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകളിൽ നടത്തിയ പഠന ഗവേഷണ ഫലങ്ങൾ, സമുദ്രങ്ങളെത്തക്കുറിച്ച് ഖുർആൻ പറഞ്ഞ കാര്യങ്ങളോട് തികച്ചും യോജിക്കുന്നതാണ്. സമുദ്രത്തിന് മുകൾപരപ്പ്, അടിത്തട്ട് എന്നിങ്ങനെ രണ്ട് തട്ടുകളുണ്ട് എന്ന വസ്തുതയാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. സമുദ്ര



ത്തിന്റെ മുകൾത്തട്ടിൽ മാത്രമെ സൂര്യപ്രകാശം കടന്നുചെല്ലുന്നുള്ളൂ. അടിത്തട്ടിലേക്ക് സൂര്യകിരണങ്ങൾ എത്തിച്ചേരുന്നില്ല. സമുദ്രജലത്തിന്റെ സാന്ദ്രത, സമ്മർദം എന്നീ കാര്യങ്ങളിലും ഈ രണ്ടു തട്ടുകളും തമ്മിൽ അന്തരമുണ്ട്. കടലിന്റെ ഈ രണ്ട് പാളികളെയും വേർതിരിക്കുന്ന ആന്തരിക തിരമാലകളുമുണ്ട്. ഈ ആന്തരിക തിരമാലകൾക്ക് നൂറുകണക്കിന് കിലോമീറ്റർ നീളവും ഏകദേശം നൂറു മീറ്റർ ഉയരവുമുണ്ട്. സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് ചെല്ലുന്തോറും ഇരുട്ട് വർധിച്ചുവരികയും ആയിരം മീറ്റർ ആഴത്തിലെത്തുമ്പോൾ തീർത്തും ഇരുൾ മൂടിയതായിത്തീരുകയും ചെയ്യും. ആഴക്കടലിൽ ജീവിക്കുന്ന മത്സ്യങ്ങളും മറ്റു ജീവികളും അവയുടെ ശരീരത്തിൽ നിന്ന് പുറപ്പെടുവിക്കുന്ന ചില പ്രകാശങ്ങൾകൊണ്ടാണ് സഞ്ചരിക്കുന്നത്. ചുറ്റുപാടുകൾ തിരിച്ചറിയാൻ കാഴ്ചശക്തിയല്ലാതെ മറ്റു സംവേദനങ്ങൾ പ്രയോജനപ്പെടുത്തുന്ന ജീവികളുമുണ്ട്.

സൂര്യപ്രകാശത്തിലെ സപ്തവർണങ്ങൾക്കും വ്യത്യസ്ത രൂപത്തിലുള്ള തരംഗദൈർഘ്യമാണുള്ളത്. മുകൾപരപ്പിലെ തിരമാലകളെ ഭേദിക്കാൻതന്നെ അവയിൽ പലതിനുമാകുകയില്ല. ഇരുപത് മീറ്റർ ആഴത്തിൽ ചെന്നാൽ ചുവപ്പു വർണം അപ്രത്യക്ഷമാകും. ഒരു മുങ്ങൽ വിദഗ്ധന് ഇരുപത്തിയഞ്ച് മീറ്റർ ആഴത്തിലെത്തിയതിന് ശേഷം ശരീരത്തിൽ വല്ല മുറിവും പറ്റിയാൽ ആ മുറിവിൽ നിന്ന് പുറത്തുവരുന്ന രക്തത്തിന് കറുപ്പ് നിറമായിരിക്കും കാണാൻ സാധിക്കുക. മുപ്പത് മീറ്റർ ആഴത്തിലെത്തിയാൽ ഓറഞ്ച് വർണവും അൻപത് മീറ്റർ ആഴത്തിൽ മഞ്ഞ വർണവും നൂറ് മീറ്റർ ആഴത്തിൽ പച്ചവർണവും നൂറ്റി ഇരുപത്തിയഞ്ച് മീറ്ററിൽ വയലറ്റ്, ഇൻഡിഗോ വർണങ്ങളും ആഗിരണം ചെയ്യപ്പെടും. എന്നാൽ സമുദ്രത്തിന്റെ ഉപരിതലത്തിൽ ഇരുനൂറ് മീറ്റർ ആഴത്തിൽവരെ നീല വർണം എത്തിപ്പെടാറുണ്ട്. ഇരുനൂറ് മീറ്റർ കഴിഞ്ഞാൽ പിന്നീട് ഇരുട്ട് ആരംഭിക്കുകയായി. അഞ്ഞൂറിനും ആയിരത്തിനുമിടയിൽ ഇരുട്ടുകൾ കൂടിച്ചേർന്ന് കൂരിരുട്ടായിരിക്കും.

ആഴക്കടലിലെ അന്ധകാരത്തെക്കുറിച്ച് ക്വുർആൻ പറയുന്നത് ഇപ്രകാരമാണ്: ‘‘അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ (ആഴക്കടലിനെ) പൊതിയുന്നു. അതിനു മീതെ വീണ്ടും തിരമാല. അതിനു മീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല’’ (അന്നൂർ: 40).

മൂന്നുതരം ഇരുട്ടുകളെക്കുറിച്ചാണ് ഇവിടെ ക്വുർആൻ പ്രതിപാദിക്കുന്നത്. ഒന്ന്, ആന്തരിക തിരമാലകൾ. രണ്ട്, ബാഹ്യ തിരമാലകൾ. മൂന്ന്, മേഘങ്ങൾ. ഇവ മൂന്നും സമുദ്രാന്തർഭാഗത്തേക്ക് സൂര്യപ്രകാശം കടന്നുചെല്ലുന്നതിനെ തടയുന്ന മറകളാണ്. സമുദ്രത്തിൽ സാധാരണ നാം കാണപ്പെടുന്ന തിരമാലകളെക്കുറിച്ചല്ലാതെ ആന്തരിക തിരമാലകളെക്കുറിച്ച് മുമ്പ് ആളുകൾക്ക് അറിവുണ്ടായിരുന്നില്ല. ക്വുർആനിൽ ആഴക്കടലിലെ ഇരുട്ട് എന്നു പറഞ്ഞതിന് ശേഷം പറയുന്ന തിരമാല യഥാർഥത്തിൽ നാം കാണുന്ന ബാഹ്യ തിരമാലകളല്ല, മറിച്ച് ആന്തരിക തിരമാലകളാണ്. അതിനുമീതെ വീണ്ടും തിരമാല എന്ന പദമാണ് ബാഹ്യതിരമാലയെ സൂചിപ്പിക്കുന്നത്. അതിനുമീതെ കാർമേഘം എന്നാണ് തുടർന്ന് പറയുന്നത്. ഇവ മൂന്നും തമ്മിൽ അനേക മീറ്ററുകൾ അകലവുമുണ്ട്.

ആന്തരിക തിരമാലകളെക്കുറിച്ചുള്ള അറിവ് നമുക്ക് ലഭിച്ചത് 1900ന് ശേഷമാണ്. എന്നാൽ സമുദ്രയാത്ര നടത്തിയിട്ടില്ലാത്ത മുഹമ്മദ് നബി(സ്വ)യിലൂടെ, സമുദ്രത്തെക്കുറിച്ച് ഒട്ടേറെ അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്ന ഒരു കാലഘട്ടത്തിൽ ഇത്രയും കൃത്യവും സൂക്ഷ്‌വുമായ രൂപത്തിൽ വിവരങ്ങൾ വെളിപ്പെടുത്തിയത് ക്വുർആനിന്റെ ദൈവികതക്ക് ഒരു ദൃഷ്ടാന്തമാണ്.

**ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകളിൽ നടത്തിയ പഠന ഗവേഷണ ഫലങ്ങൾ, സമുദ്രങ്ങളെത്തക്കുറിച്ച് ക്വുർആൻ പറഞ്ഞ കാര്യങ്ങളോട് തികച്ചും യോജിക്കുന്നതാണ്. സമുദ്രത്തിന് മുകൾപരപ്പ്, അടിത്തട്ട് എന്നിങ്ങനെ രണ്ട് തട്ടുകളുണ്ട് എന്ന വസ്തുതയാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ആന്തരിക തിരമാലകളെക്കുറിച്ചുള്ള അറിവ് നമുക്ക് ലഭിച്ചത് 1900ന് ശേഷമാണ്. എന്നാൽ സമുദ്രയാത്ര നടത്തിയിട്ടില്ലാത്ത മുഹമ്മദ് നബി(സ്വ)യിലൂടെ, സമുദ്രത്തെക്കുറിച്ച് ഒട്ടേറെ അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്ന ഒരു കാലഘട്ടത്തിൽ ഇത്രയും കൃത്യവും സൂക്ഷ്മവുമായ രൂപത്തിൽ വിവരങ്ങൾ വെളിപ്പെടുത്തിയത് ക്വുർആനിന്റെ ദൈവികതക്ക് ഒരു ദൃഷ്ടാന്തമാണ്.**



# മഴക്കാലം പനിക്കാലമോ?

ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

വേനൽചൂടിന്റെ കാഠിന്യം വിടപറഞ്ഞു. മഴമേഘങ്ങൾ കാത്തുകിടക്കുന്ന ആകാശം നമുക്കേവർക്കും ആശ്വാസമേകുന്ന കാഴ്ചയാണ്. എന്നാൽ അതിനോടൊപ്പം മഴക്കാല രോഗങ്ങളെ കുറിച്ചുള്ള ആശങ്കകൾ ചെറുതല്ല.

മഴക്കാലത്തെ ഒരു പനിക്കാലമായിട്ടാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി നമുക്ക് കാണാൻ കഴിയുന്നത്. മഴ കനക്കുന്നതിന് മുന്നോടിയായി ഏതാനും ചില മുന്നൊരുക്കങ്ങൾ നാം നടത്തുകയാണെങ്കിൽ ഒരു പരിധിവരെ നമുക്ക് മഴക്കാല രോഗങ്ങളെ ചെറുക്കാനാവും.

**കുടിവെള്ള സ്രോതസ്സുകൾ മലിനമാവാതെ സൂക്ഷിക്കാനും പുറത്തുനിന്നുമുള്ള ഭക്ഷണം പരമാവതി ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. നന്നായി വേവിച്ച ഭക്ഷണം മാത്രം കഴിക്കുകയും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുകയും ചെയ്യുക. ഭക്ഷണം കഴിക്കുന്നതിനു മുമ്പ് കൈകൾ നന്നായി കഴുകി എന്നുറപ്പ് വരുത്തുകയും ചെയ്യുക.
ഓരോ അസുഖവും വ്യത്യസ്തമായ രോഗലക്ഷണങ്ങൾ ഉള്ളവയായതിനാൽ രോഗ ലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കുകയും അംഗീകൃത ആരോഗ്യ വിദഗ്ധനെ കണ്ട് ചികിത്സ തേടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.**

മഴക്കാല രോഗങ്ങളെ അവയുടെ ഉൽഭവാടിസ്ഥാനത്തിൽ പ്രധാനമായും നാലായി തരം തിരിക്കാം.

1. കൊതുകുകടിമൂലം ഉണ്ടാകുന്ന രോഗങ്ങൾ.
2. ജലജന്യ രോഗങ്ങൾ.
3. വായുവിലൂടെ പകരുന്ന രോഗങ്ങൾ.
4. മറ്റുള്ളവ.

**1. കൊതുകുകടിമൂലം ഉണ്ടാകുന്ന രോഗങ്ങൾ**

കൊതുകുകടിമൂലം ഉണ്ടാകുന്ന രോഗങ്ങളിൽ, നമ്മുടെ നാട്ടിൽ വളരെ പെട്ടെന്ന് പടർന്നുപിടിക്കുന്നതായി കാണുന്ന പ്രധാനപ്പെട്ട രണ്ട് രോഗങ്ങളാണ് ഡെങ്കിപ്പനിയും ചികൻ ഗുനിയയും.

ഇവയെ പ്രതിരോധിക്കാനായി നാം ചെയ്യേണ്ട പ്രധാന കാര്യം കൊതുകുകളെ പെരുകാൻ അനുവദിക്കാതിരിക്കുക എന്നതാണ്. ഓരോ വീട്ടിലും അതിനായുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്.

വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തി അവ ഒഴിവാക്കുകയും കാട് പിടിച്ചു കിടക്കുന്ന ചുറ്റുപാട് വൃത്തിയാക്കുകയും ചെയ്യുക.

ജനാലകളിൽ കൊതുകുവല ഉപയോഗിക്കുകയും കൊതുകുകടി ഏൽക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ പോകുമ്പോൾ mosquito repellent ക്രീമുകൾ ഉപയോഗിക്കുക, ശരീരം പരമാവധി മൂടുന്ന വസ്ത്രം ധരിക്കുക എന്നിവയും ചെയ്യാവുന്നതാണ്.

**2. ജലജന്യ രോഗങ്ങൾ**

മഴക്കാലത്ത് കുടിവെള്ള സ്രോതസ്സുകൾ മലിനമാവാനുള്ള സാധ്യത വളെരെയേറെയാണ്. അതുകൊണ്ട്തന്നെ ഭക്ഷണത്തിലൂടെ പകരുന്ന രോഗങ്ങളായ കോളറ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയവ മഴക്കാലത്ത് കൂടുതലായി കണ്ടുവരുന്നു.

കുടിവെള്ള സ്രോതസ്സുകൾ മലിനമാവാതെ സൂക്ഷിക്കാനും പുറത്തുനിന്നുമുള്ള ഭക്ഷണം പരമാവതി ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. നന്നായി വേവിച്ച ഭക്ഷണം മാത്രം കഴിക്കുകയും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുകയും ചെയ്യുക. ഭക്ഷണം കഴിക്കുന്നതിനു മുമ്പ് കൈകൾ നന്നായി കഴുകി എന്നുറപ്പ് വരുത്തുകയും ചെയ്യുക.

**3. വായുവിലൂടെ പകരുന്ന രോഗങ്ങൾ**

വായുവിലൂടെ പകരുന്ന അസുഖങ്ങൾ പ്രധാനമായും upper respiratory tract infections, COVID, മറ്റു വൈറൽ പനികൾ എന്നിവയാണ്.

പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കുന്നതും രോഗം ഉള്ളവരുമായി സമ്പർക്കം വരുമ്പോൾ അകലം പാലിക്കുകയും പുറത്ത് പോയി വന്നാൽ കൈകൾ നന്നായി കഴുകുകയുമാണ് ഇത്തരം അസുഖങ്ങളെ പ്രതിരോധിക്കാനുള്ള വഴികൾ.

**4. മറ്റുള്ളവ**

മറ്റു മഴക്കാല രോഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് എലിപ്പനി. എലിയുടെ വിസർജ്യം കലർന്ന ചുറ്റുപാടിൽനിന്നും ശരീരത്തിലുള്ള മുറിവുകളിലൂടെയാണ് പ്രധാനമായും അണുക്കൾ മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നത്.

അതുകൊണ്ട് എലികൾ പെരുകും വിധം ഭക്ഷണ പദാർഥങ്ങൾ ചുറ്റുപാടിൽ ഉപേക്ഷിക്കാതെ ശ്രദ്ധിക്കുകയും എന്തെങ്കിലും കാരണവശാൽ മലിനമായ സ്ഥലങ്ങളിൽ ഇടപഴകേണ്ടി വന്നാൽ ഗ്ളൗസ്, വലിയ കാലുറകൾ എന്നിവ ധരിക്കുകയും ചെയ്യുക.

മേൽപറഞ്ഞ ഓരോ അസുഖവും വ്യത്യസ്തമായ രോഗലക്ഷണങ്ങൾ ഉള്ളവയായതിനാൽ രോഗ ലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കുകയും അംഗീകൃത ആരോഗ്യ വിദഗ്ധനെ കണ്ട് ചികിത്സ തേടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ശരിയായ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉറപ്പാക്കുന്നതിലൂടെ മഴക്കാല രോഗങ്ങളിൽനിന്ന് നമുക്ക് മുക്തി നേടാം.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 40

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

رَبَّنَا وَأَدْخِلْهُمْ جَنَّٰتِ عَدْنٍ ٱلَّتِى وَعَدتَّهُمْ وَمَن صَلَحَ مِنْ ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّٰتِهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿٨﴾

وَقِهِمُ ٱلسَّيِّـَٔاتِ ۚ وَمَن تَقِ ٱلسَّيِّـَٔاتِ يَوْمَئِذٍ فَقَدْ رَحِمْتَهُۥ ۚ وَذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٩﴾

إِنَّ ٱلَّذِينَ كَفَرُوا۟ يُنَادَوْنَ لَمَقْتُ ٱللَّهِ أَكْبَرُ مِن مَّقْتِكُمْ أَنفُسَكُمْ إِذْ تُدْعَوْنَ إِلَى ٱلْإِيمَٰنِ فَتَكْفُرُونَ ﴿١٠﴾

قَالُوا۟ رَبَّنَآ أَمَتَّنَا ٱثْنَتَيْنِ وَأَحْيَيْتَنَا ٱثْنَتَيْنِ فَٱعْتَرَفْنَا بِذُنُوبِنَا فَهَلْ إِلَىٰ خُرُوجٍ مِّن سَبِيلٍ ﴿١١﴾

8. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കളെയും, ഭാര്യമാർ, സന്തതികൾ എന്നിവരിൽനിന്നു സദ്വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീതന്നെയാകുന്നു പ്രതാപിയും യുക്തിമാനും.

9. അവരെ നീ തിന്മകളിൽനിന്ന് കാക്കുകയും ചെയ്യേണമേ. അന്നേദിവസം നീ ഏതൊരാളെ തിന്മകളിൽനിന്ന് കാക്കുന്നുവോ, അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അതുതന്നെയാകുന്നു മഹാഭാഗ്യം.

10. തീർച്ചയായും സത്യനിഷേധികളോട് ഇപ്രകാരം വിളിച്ചുപറയപ്പെടും: നിങ്ങൾ വിശ്വാസത്തിലേക്ക് ക്ഷണിക്കപ്പെടുകയും എന്നിട്ട് നിങ്ങൾ അവിശ്വസിക്കുകയും ചെയ്തിരുന്ന സന്ദർഭത്തിൽ അല്ലാഹുവിന് (നിങ്ങളോടുള്ള) അമർഷം നിങ്ങൾ തമ്മിലുള്ള അമർഷത്തെക്കാൾ വലുതാകുന്നു.

11. അവർ പറയും: ഞങ്ങളുടെ നാഥാ! രണ്ടുപ്രാവശ്യം നീ ഞങ്ങളെ നിർജീവാവസ്ഥയിലാക്കുകയും രണ്ടുപ്രാവശ്യം നീ ഞങ്ങൾക്ക് ജീവൻ നൽകുകയും ചെയ്തു. എന്നാൽ ഞങ്ങളിതാ ഞങ്ങളുടെ കുറ്റങ്ങൾ സമ്മതിച്ചിരിക്കുന്നു. ആകയാൽ ഒന്നു പുറത്ത് പോകേണ്ടതിലേക്ക് വല്ല മാർഗവുമുണ്ടോ?

ذَٰلِكُم بِأَنَّهُۥٓ إِذَا دُعِيَ ٱللَّهُ وَحۡدَهُۥ كَفَرۡتُمۡ وَإِن يُشۡرَكۡ بِهِۦ تُؤۡمِنُواْۚ فَٱلۡحُكۡمُ لِلَّهِ ٱلۡعَلِيِّ ٱلۡكَبِيرِ ﴿١٢﴾

12. അല്ലാഹുവോട് മാത്രം പ്രാർഥിക്കപ്പെട്ടാൽ നിങ്ങൾ അവിശ്വസിക്കുകയും, അവനോട് പങ്കാളികൾ കൂട്ടിച്ചേർക്കപ്പെട്ടാൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്തിരുന്നത് നിമിത്തമത്രെ അത്. എന്നാൽ (ഇന്ന്) വിധികൽപിക്കാനുള്ള അധികാരം ഉന്നതനും മഹാനുമായ അല്ലാഹുവിനാകുന്നു.

8. (ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ നീ അവരെ പ്രവേശിപ്പിക്കണം) നിന്റെ പ്രവാചകന്മാരുടെ നാവിലൂടെ നീ വാഗ്ദാനം ചെയ്തു. (സദ്‌വൃത്തരായിട്ടുള്ളവരെയും) വിശ്വാസംകൊണ്ടും സൽപ്രവർത്തനംകൊണ്ടും നല്ലവരായ. (അവരുടെ മാതാപിതാക്കൾ, ഭാര്യമാർ) ഭാര്യാഭർത്താക്കന്മാർ, അവരുടെ സുഹൃത്തുക്കളും കൂട്ടുകാരും.(നീ തന്നെയായിരുന്നു പ്രതാപി) എല്ലാറ്റിനെയും കീഴ്‌പ്പെടുത്തുന്നവൻ. നിന്റെ പ്രതാപത്താൽ നീ അവരുടെ പാപം പൊറുക്കുന്നു. അവരുടെ ഭയം നീക്കിക്കൊടുക്കുന്നു. എല്ലാ നന്മകളിലേക്കും അവരെ ക്ഷണിക്കുന്നു. (യുക്തിമാനും) ഓരോ വസ്തുവിനെയും അതാതിന്റെ സ്ഥാനത്ത് നിശ്ചയിക്കുന്നവൻ. നിന്റെ യുക്തി താൽപര്യപ്പെടാത്തത് ഞങ്ങൾ നിന്നോട് ചോദിക്കില്ല. മറിച്ച് നിന്റെ യുക്തിയിൽ പെട്ടതാണത്. നിന്റെ ദൂതന്മാരുടെ നാവിലൂടെ നീ അറിയിച്ചത്, നിന്റെ ഔദാര്യം തേടുന്നത് സത്യവിശ്വാസികൾക്കുള്ള പാപമോചനം.

9. (അവരെ നീ തിന്മകളിൽനിന്ന് കാക്കുകയും ചെയ്യണം) ചീത്ത പ്രവർത്തനങ്ങളിൽ നിന്നും അതിന്റെ പ്രതിഫലത്തിൽനിന്നും അവരെ നീ മാറ്റി നിർത്തണം. കാരണം, അത് തിന്മ ചെയ്തവന് ദോഷകരമാവും. (അന്നേദിവസം നീ ഏതൊരാളെ തിന്മയിൽനിന്നും കാക്കുന്നുവോ) ഉയിർത്തെഴുന്നേൽപ് നാളിൽ. (അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു) നിന്റെ കാരുണ്യം ദാസന്മാരിൽ നിരന്തരം തുടർന്നുകൊണ്ടേയിരിക്കും. ദാസന്മാരുടെ തിന്മകളും പാപങ്ങളും മാത്രമാണ് അതിന് തടസ്സം. തിന്മകളെ സൂക്ഷിക്കുന്നതുകൊണ്ട് ഭയപ്പെടുന്ന കാര്യം ഒഴിവാകുകയും ആഗ്രഹിക്കുന്നത് ലഭിക്കുകയും ചെയ്യും, കരുണ ലഭിക്കുന്നതിന്റെ ഭാഗമായി. (അത് തന്നെയാകുന്നു മഹാഭാഗ്യം) അതുപോലെ മറ്റൊരു വിജയമില്ല. അതിനെക്കാളും നല്ല ഒന്നിനു വേണ്ടി മത്സരിക്കുന്നവർ മത്സരിക്കുന്നില്ല.

തീർച്ചയായും മലക്കുകളുടെ ഈ പ്രാർഥനയുടെ ഉള്ളടക്കത്തിൽനിന്ന് മനസ്സിലാകുന്നതാണ്, മലക്കുകൾക്ക് തങ്ങളുടെ രക്ഷിതാവിനെക്കുറിച്ച് പൂർണമായ അറിവുണ്ടെന്നത്. തന്റെ ദാസന്മാരിൽനിന്നും അല്ലാഹു ഇഷ്ടപ്പെടുന്ന അതിവിശിഷ്ടമായ അവന്റെ നാമങ്ങൾകൊണ്ട് അവനിലേക്ക് അടുക്കുവാനുള്ള മാർഗം തേടാമെന്നതും. അവർ അല്ലാഹുവോട് പ്രാർഥിച്ച പ്രാർഥനയോട് യോജിക്കുന്ന പ്രാർഥനകൾ പ്രാർഥിക്കാമെന്നതും. അവരുടെ പ്രാർഥനയിൽ ഉണ്ടായിരുന്നത് അനുഗ്രഹം ലഭിക്കാനും അല്ലാഹുവിനറിയുന്ന മനുഷ്യന്റെ മനസ്സിന്റെ പ്രകൃതിയനുസരിച്ച് ഉണ്ടാകാവുന്ന കാര്യങ്ങളെ അതായത് തെറ്റുകളെക്കുറിച്ചുമാണ്. അല്ലാഹുവിന് അറിയാവുന്ന, അതുപോലുള്ള കാരണങ്ങൾ. ഇതിലെല്ലാം കരുണാനിധിയും സർവജ്ഞനുമായ അല്ലാഹുവോട് അടുക്കുവാനുള്ള മാർഗം തേടുകയാണവർ.

അല്ലാഹുവിന്റെ സൃഷ്ടികർതൃത്വത്തെ അംഗീകരിച്ചുകൊണ്ട് പറയുന്നത് അല്ലാഹുവോട് അവർ കാണിക്കുന്ന മര്യാദയുടെ ഭാഗമാണ്; അവർക്ക് കൈകാര്യകർതൃത്വത്തിൽ യാതൊന്നുമില്ലെന്നതും. അവർ അവരുടെ രക്ഷിതാവിനോട് പ്രാർഥിക്കുക മാത്രമാണ് ചെയ്യുന്നത്. എല്ലാ നിലയ്ക്കുമുള്ള അവരുടെ ആവശ്യമാണെന്നതിൽനിന്നുണ്ടാകുന്നതാണ് അത്. ഒരു സന്ദർഭത്തിലും അത് തങ്ങളുടെ രക്ഷിതാവിനോട് ചെയ്യുന്ന ദാക്ഷിണ്യമായി അവർ കാണുകയില്ല. മറിച്ച അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവും ആയി മാത്രമെ അവർ ഗണിക്കൂ.

തങ്ങളുടെ രക്ഷിതാവ് ഇഷ്ടപ്പെടുന്ന പ്രവർത്തനങ്ങളോട് അവർ പൂർണമായും യോജിപ്പ് പുലർത്തുന്നു എന്ന ആശയവും ഇതിലുണ്ട്. അവർ നിർവഹിക്കുന്ന

ആരാധനകൾ ഈ പ്രവർത്തനങ്ങളുടെ ഭാഗമാണ്. തന്റെ പടപ്പുകളിൽ അല്ലാഹു ഇഷ്ടപ്പെടുന്ന സത്യവിശ്വാസികളായ സൽകർമികൾക്ക് വേണ്ടി അവർ പരിശ്രമിക്കുകയും ചെയ്യുന്നു. മതപരമായ ബാധ്യതകൾ നിർവഹിക്കുന്ന മറ്റുള്ളവർക്ക് വേണ്ടിയും. സത്യവിശ്വാസികളല്ലാത്തവരോട് അല്ലാഹു കോപിക്കുന്നു. മലക്കുകൾക്ക് അവരോടുള്ള ഇഷ്ടത്തിന്റെ ഭാഗമാണ് അവർക്കുവേണ്ടി അല്ലാഹുവോട് പ്രാർഥിക്കുന്നതും അവരുടെ ചുറ്റുപാടുകൾ നന്നാവാൻ വേണ്ടി പരിശ്രമിക്കുന്നതും. കാരണം ഒരാൾ മറ്റൊരാൾക്കുവേണ്ടി പ്രാർഥിക്കുന്നത് അയാളെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്.

ഇതിലുള്ള മറ്റൊരു കാര്യം, മലക്കുകളുടെ പ്രാർഥനയെപ്പറ്റി അല്ലാഹു വ്യക്തമാക്കുകയും വിശദീകരിക്കുകയും ചെയ്തശേഷം അല്ലാഹു പറയുന്നു: (വിശ്വസിച്ചവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു). ഇതിൽ അവന്റെ ഗ്രന്ഥം എങ്ങനെ ചിന്തിച്ചുപഠിക്കണം എന്നതിനെക്കുറിച്ച് ലളിതമായി ഉദ്ബോധിപ്പിക്കുന്നു. ചിന്തയും പഠനവും പദത്തിന്റെ അർഥത്തിൽ മാത്രം ഒതുക്കി നിർത്തരുത്. ശരിയായ അർഥത്തിൽ പദത്തിന്റെ അർഥം മനസ്സിലാക്കിക്കഴിഞ്ഞാൽ ആ കാര്യത്തെക്കുറിച്ച് ബുദ്ധികൊടുത്ത് ചിന്തിക്കണം; അതിലേക്കെത്താവുന്ന അനിവാര്യ വഴികളിലൂടെയെല്ലാം. അതിൽനിന്ന് നിർബന്ധമായും ലഭിക്കുന്ന കാര്യങ്ങൾ, അത് ചർച്ച ചെയ്യേണ്ട വിഷയങ്ങൾ എന്നതെല്ലാം ചിന്തിക്കണം. പദത്തിൽ നിന്ന് ലഭിക്കുന്ന ആശയം പോലെത്തന്നെ ചില പ്രത്യേകമായ ആശയങ്ങൾ അല്ലാഹു ഉദ്ദേശിച്ചു എന്നുറപ്പാണ്.

ഇവിടെ ഖണ്ഡിതമായത് അല്ലാഹു രണ്ട് കാര്യങ്ങളെയാണ് ഉദ്ദേശിച്ചത് എന്നതാണ്. അതിലൊന്ന് അവനെ മനസ്സിലാക്കുകയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ്. അത് അനുബന്ധ ആശയവും ചർച്ചകൾക്ക് അവസരമില്ലാത്തതുമാണ്. രണ്ടാമത്തേത് അല്ലാഹു എല്ലാ കാര്യവും അറിയുന്നവനാണ് എന്നതാണ്. തന്റെ ദാസൻ തന്റെ ഗ്രന്ഥത്തിൽ ചിന്തിക്കുകയും പഠനം നടത്തുകയും ചെയ്യണമെന്ന് അല്ലാഹു നിർദേശിക്കുകയും ചെയ്യുന്നു.

ആ ആശയങ്ങളിലൂടെ ചില സുപ്രധാന കാര്യങ്ങൾ അല്ലാഹു പഠിപ്പിക്കുന്നു. അവന്റെ ഗ്രന്ഥം സന്മാർഗവും വെളിച്ചവും എല്ലാറ്റിനുമുള്ള വിശദീകരണവുമാണ്. ഏറ്റവും സാഹിത്യപൂർണമായ വചനം, വളരെയധികം സുവ്യക്തമായത്. അതിനാൽതന്നെ ഒരു ദാസന് അതിൽനിന്ന് മഹത്തായ അറിവും ധാരാളം നന്മകളും ലഭിക്കുന്നു. അല്ലാഹു നൽകുന്ന സഹായമനുസരിച്ച്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ഈ തഫ്സീറിലും ധാരാളം നന്മകളുണ്ട്.

ചിന്തിക്കാത്ത ചില കാര്യങ്ങൾ ചില ആയത്തുകളിൽ ഒളിഞ്ഞിരിക്കുന്നുമുണ്ടായിരിക്കും. ശരിയായ ചിന്തകൾ അല്ലാഹുവിന്റെ അറിവാകുന്ന കാരുണ്യത്തിന്റെ ഖജനാവുകൾ നമുക്ക് തുറന്നുതരാൻ അവനോട് ചോദിക്കുന്നു. അതിലൂടെയാണ് മുസ്‌ലിംകളുടെയും പൊതുവെയും ഉള്ള അവസ്ഥകൾ നന്നായിത്തീരുന്നത്. എല്ലാ സമയങ്ങളിലും നാം അവന്റെ അനുഗ്രഹങ്ങളിലായി കഴിച്ചുകൂട്ടുന്നു; ഓരോ നിമിഷത്തിലും. പ്രയാസവും തടസ്സവുമുണ്ടാക്കുന്ന നമ്മുടെ മനസ്സിന്റെ തിന്മകളിൽനിന്നും അവൻ നമ്മെ രക്ഷിക്കട്ടെ. അവന്റെ അനുഗ്രഹം നൽകിക്കൊണ്ട് അവൻ വളരെയധികം ഔദാര്യം ചെയ്യുന്നവനും അത്യധികമായി നൽകുന്നവനുമാകുന്നു. കാര്യകാരണങ്ങളിലൂടെ കരസ്ഥമാകുന്ന അനുഗ്രഹങ്ങൾ.




അതിൽനിന്ന് മനസ്സിലാക്കാവുന്ന മറ്റൊരു കാര്യം ഒരു ബന്ധുവിന് തന്റെ ഇണയോ സന്താനമോ കൂട്ടുകാരനോ ആയ മറ്റൊരു ബന്ധുവിനെക്കൊണ്ട് സൗഭാഗ്യം വരാം എന്നാണ്. തന്റെ പ്രവർത്തനങ്ങൾക്ക് പുറമെ തന്റെ പ്രവർത്തനം നിമിത്തം അവനുമായുള്ള ബന്ധം നന്മ കിട്ടാൻ കാരണമാകാം. മലക്കുകൾ സത്യവിശ്വാസികൾക്കും സദ്‌വൃത്തരായിട്ടുള്ള മാതാപിതാക്കൾക്കും ഇണകൾക്കും മക്കൾക്കും വേണ്ടിയും പ്രാർഥിക്കുന്നു. പറയപ്പെടുന്നവർ നല്ലവരായിരിക്കണം എന്നത് നിർബന്ധമാണ്. (സദ്‌വൃത്തരായ) അങ്ങനെയാകുമ്പോൾ അതും അവരുടെ പ്രവർത്തനഫലമാണ്.

10. സത്യനിഷേധികൾക്ക് സംഭവിക്കുന്ന നിന്ദ്യതയെയും അപമാനത്തെയും കുറിച്ചാണ് അ ല്ലാഹു പറയുന്നത്; അവർ തിരിച്ചുപോകാനും നരകത്തിൽനിന്ന് പുറത്തുപോകാനും ആവശ്യപ്പെടുന്നതിനെക്കുറിച്ചും. അവർക്കത് തടയപ്പെടുകയും

അവർ അപമാനിക്കപ്പെടുകയും ചെയ്യും. അല്ലാഹു പറയുന്നു: (തീർച്ചയായും സത്യനിഷേധികളോട്) എല്ലാതരം അവിശ്വാസങ്ങളും ഉൾക്കൊണ്ടവരോട്. അല്ലാഹുവിലും അവന്റെ വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും അന്ത്യദിനത്തിലും എല്ലാമുള്ള നിഷേധം. അവർ നരകത്തിൽ പ്രവേശിക്കുമ്പോൾ അവർ അതിന് അർഹരാണെന്ന് അവർ അംഗീകരിക്കും; അതിനുമാത്രം തെറ്റുകളും പാപങ്ങളും അവർ ചെയ്തതിനാൽ. അതിനാൽ അവർ അവരോടുതന്നെ അതിശക്തമായ അമർഷം രേഖപ്പെടുത്തും. അങ്ങേയറ്റത്തെ ദേഷ്യവും. അപ്പോൾ വിളിച്ചുപറയപ്പെടും: (അ ല്ലാഹുവിന്റെ അമർഷം) നിങ്ങളോടുള്ള. (നിങ്ങൾ വിശ്വാസത്തിലേക്ക് ക്ഷണിക്കപ്പെടുകയും എന്നിട്ട് നിങ്ങൾ അവിശ്വസിക്കുകയും ചെയ്തിരുന്ന സന്ദർഭത്തിൽ) അതായത്, ദൂതന്മാരും അവരുടെ അനുയായികളും നിങ്ങളെ വിശ്വാസത്തിലേക്ക് ക്ഷണിച്ചപ്പോൾ സത്യം വ്യക്തമാകുന്ന തെളിവുകൾ അവർ നിങ്ങൾക്ക് കാണിച്ചുതന്നു. അപ്പോൾ നിങ്ങൾ അവിശ്വസിച്ചു. വിശ്വാസത്തോട് വിരക്തി കാണിച്ചു. അതിനുവേണ്ടിയാണ് അല്ലാഹു നിങ്ങളെ സൃഷ്ടിച്ചത്. അവന്റെ വിശാലമായ അനുഗ്രഹങ്ങളിൽനിന്ന് നിങ്ങൾ പുറത്തുപോവുകയും ചെയ്തു. അപ്പോൾ അവന് നിങ്ങളോട് അമർഷവും കോപവുമുണ്ടായി.

(ഇത് നിങ്ങൾ തമ്മിലുള്ള അമർഷത്തേക്കാൾ വലുതാകുന്നു) ഈ അമർഷം നിങ്ങളുടെ മേൽ തുടർന്നുകൊണ്ടിരിക്കും. ഔദാര്യവാനായ അല്ലാഹുവിന്റെ കോപം നിങ്ങളിൽ ഇറങ്ങിക്കൊണ്ടിരിക്കും, നിങ്ങൾക്ക് മാറ്റം വരുന്നതുവരെ. ഇന്ന് അല്ലാഹുവിന്റെ കോപവും ശിക്ഷ യും നിങ്ങളുടെ മേൽ ഇറങ്ങിയിരിക്കുന്നു, സത്യവിശ്വാസികൾ അവന്റെ തൃപ്തിയും പ്രതിഫലവും നേടിയപ്പോൾ.

11. അപ്പോൾ അവർ തിരിച്ചുപോക്ക് ആഗ്രഹിക്കുന്നു. (അവർ പറയും: ഞങ്ങളുടെ നാഥാ, രണ്ട് പ്രാവശ്യം നീ ഞങ്ങൾ നിർജീവാവസ്ഥയിലാക്കുകയും) ആദ്യമരണമാണവർ ഉദ്ദേശിക്കുന്നത്. കാഹളത്തിലെ രണ്ട് ഊത്തുകൾക്കിടയിലാണെന്നും പറയപ്പെട്ടിട്ടുണ്ട്. ഉണ്ടാകുന്നതിന് മുമ്പ് തീരെ ഇല്ലാതിരുന്ന അവസ്ഥയും ആകാം. പിന്നീട് ഉണ്ടായതിനുശേഷം അവരെ മരിപ്പിച്ചു. (രണ്ട് പ്രാവശ്യം നീ ഞങ്ങൾക്ക് ജീവൻ നൽകുകയും ചെയ്തു) ഇഹലോകത്തുള്ള ജീവിതവും പരലോകത്തുള്ള ജീവിതവും. (എന്നാൽ ഞങ്ങളിതാ ഞങ്ങളുടെ കുറ്റങ്ങൾ സമ്മതിച്ചിരിക്കുന്നു. ആകയാൽ ഒന്ന് പുറത്തുപോകേണ്ടതിലേക്ക് വല്ല മാർഗവുമുണ്ടോ?) അവർ ഖേദം രേഖപ്പെടുത്തിക്കൊണ്ടാണത് പറയുന്നത്. അതൊരു പ്രയോജനവും ചെയ്യില്ല, വിജയിക്കാനാവശ്യമായ കാര്യങ്ങൾ പ്രവർത്തിക്കാത്തതിൽ അപമാനിച്ചുകൊണ്ട് പറയും.

12. (അല്ലാഹുവോട് മാത്രം വിളിക്കപ്പെട്ടാൽ) അതായത് അവന്റെ ഏകത്വത്തിലേക്ക് വിളിക്കപ്പെട്ടാൽ, പ്രവർത്തനങ്ങൾ അവനുമാത്രം നിഷ്കളങ്കമാക്കണമെന്നതിലേക്കും. അവനിൽ പങ്കുചേർക്കുന്നതിനെ വിരോധിക്കുകയും ചെയ്താൽ. (നിങ്ങൾ അവിശ്വസിക്കും) അവനിൽ, നിങ്ങളുടെ അനിഷ്ടം കാണിക്കുന്നു; നിങ്ങളുടെ ഹൃദയങ്ങൾ. വളരെയധികം നിങ്ങൾ വെറുക്കുകയും ചെയ്യുന്നു. (അവനോട് പങ്കാളികൾ കൂട്ടിച്ചേർക്കപ്പെട്ടാൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു) ഇതാണ് നിങ്ങളെ ഈ സ്ഥാനത്തെത്തിച്ചത്. ഈ സംസാരത്തിനും സ്ഥാനത്തിനും കളമൊരുക്കിയത്. യഥാർഥ വിശ്വാസത്തെ നിങ്ങൾ നിഷേധിക്കുന്നു. അവിശ്വാസത്തെ നിങ്ങൾ വിശ്വാസമായി സ്വീകരിക്കുന്നു. ഇഹത്തിലും പരത്തിലും പ്രയാസവും പ്രശ്നവും സൃഷ്ടിക്കുന്ന കാര്യത്തെ നിങ്ങൾ തൃപ്തിപ്പെടുന്നു. ഇഹത്തിലും പരത്തിലും നന്മയും ഗുണവുമുള്ളതിനെ നിങ്ങൾ വെറുക്കുന്നു. കോപം, നിന്ദ്യത, കഷ്ടപ്പാട് എന്നിവയ്ക്കുള്ള കാരണങ്ങളെ നിങ്ങൾ തെരഞ്ഞെടുക്കുന്നു. വിജയത്തിന്റെ നിറുത്തങ്ങളിൽനിന്ന് നിങ്ങൾ വിട്ടുനിൽക്കുന്നു.

وَإِن يَرَوْاْ سَبِيلَ ٱلرُّشْدِ لَا يَتَّخِذُوهُ سَبِيلًا
وَإِن يَرَوْاْ سَبِيلَ ٱلْغَيِّ يَتَّخِذُوهُ سَبِيلًا

“നേർമാർഗം കണ്ടാൽ അവർ അതിനെ മാർഗമായി സ്വീകരിക്കുകയില്ല. ദുർമാർഗം കണ്ടാൽ അവരത് മാർഗമായി സ്വീകരിക്കുകയും ചെ യ്യും” (7:146).

(എന്നാൽ വിധികൽപിക്കാനുള്ള അധികാരം ഉന്നതനും മഹാനുമായ അല്ലാഹുവിനാകുന്നു) അൽഅലിയ്യ് എന്ന് പറഞ്ഞാൽ ഉപാധികളില്ലാത്ത ഔന്നത്യമുള്ളവൻ, എല്ലാറ്റിനെക്കാളും. ദാത്തി(തടി)ലും കഴിവിലും കീഴ്പ്പെടുത്തുന്നതിനും എല്ലാം ഉന്നതൻ. അവന്റെ ഉന്നത കഴിവിലും പരിപൂർണ നീതിയിലും പെട്ടതാണ് വസ്തുതകളെ അതാതിന്റെ സ്ഥാനത്ത് നിശ്ചയിക്കുക എന്നത്. സൂക്ഷ്മത പാലിക്കുന്നവർക്കും അധർമകാരികൾക്കും ഇടയിൽ അത് ഒരുപോലെയല്ല.

(മഹാനായവൻ) ശ്രേഷ്ഠതയും മഹത്ത്വവും ഒന്നത്യവും ഉള്ളവൻ, അവന്റെ നാമങ്ങളിലും വിശേഷണങ്ങളിലും പ്രവർത്തനങ്ങളിലുമെല്ലാം. എല്ലാ അപകടങ്ങളിൽനിന്നും ന്യൂനതകളിൽനിന്നും പരിശുദ്ധൻ. വിധികർതൃത്വം അല്ലാഹുവിനാകുമ്പോൾ നിത്യശാശ്വതത്വമാണ് നിങ്ങൾക്കവൻ വിധിച്ചത്. അവന്റെ വിധി മാറ്റപ്പെടുകയില്ല.



# കാര്യം നേടാനുള്ള ചിരി!

ഇബ്നു അലി

ചിലരുടെ കാര്യം വളരെ രസകരമാണ്. മുട്ടിയുരുമ്മി പോയാലും അവർ അപരനെ മൈൻഡ് ചെയ്യില്ല. എന്നാൽ അവർക്ക് ഒരു കാര്യസാധ്യം വേണം എന്ന് തോന്നുമ്പോൾ ചിരിയും ലോഹ്യവും തുടങ്ങും. മൈൻഡ് ചെയ്യുന്ന ശീലം കൂടും.

ചിലരുടെ ലക്ഷ്യം പെൺമക്കളുടെ വിവാഹം നല്ലരീതിയിൽ നടക്കലാകും. അതിന് ആളുകളെ പരമാവധി ക്ഷണിക്കും. അവരിൽ നിന്ന് സാമ്പത്തിക സഹായം പ്രതീക്ഷിച്ചു തന്നെയാണിത്. വധുവിന്റെ രക്ഷിതാവിന്റെ സാമ്പത്തിക നിലയും മറ്റും പരിഗണിച്ച് ആളുകൾ പരമാവധി സഹകരിക്കുകയും ചെയ്യും. അഥവാ എന്തെങ്കിലും കാരണത്താൽ കല്യാണത്തിന് പങ്കെടുക്കാൻ സാധിക്കാതിരിക്കുകയോ സാമ്പത്തികമായ സഹായം നൽകാൻ കഴിയാതിരിക്കുകയോ ചെയ്താൽ പിന്നീട് അത്തരക്കാരെ അയാൾ മൈൻഡ് ചെയ്യില്ല. കൊടുത്ത തുക കുറഞ്ഞാലും ചിരിയളവ് കുറയും. ചിലപ്പോൾ പുച്ഛത്തിനത് വഴി മാറുകയും ചെയ്യും. ഒരുവേള ശത്രുതയോടെ കാണുകയും ചെയ്യും.

വേറെ ചിലരാകട്ടെ ബന്ധം പുതുക്കുന്നത് പിരിവുമായി ബന്ധപ്പെട്ടാണ്. അവരുമായി അടുപ്പമുള്ള സ്ഥാപനത്തിന് അല്ലെങ്കിൽ, മറ്റു സംഘടനകൾക്ക് സാമ്പത്തിക സഹായം ആവശ്യമുള്ള കാലത്ത് മാത്രം അതുവരെയില്ലാത്ത ലോഹ്യം തുടങ്ങും. അതിന് ആയുസ്സ് ഏതാനും മണിക്കൂറുകൾ, ദിവസങ്ങൾ മാത്രം.

നോമ്പ് വന്നാൽ അവർ ചിരിക്കുന്നു, തോളിൽ തട്ടുന്നു, സലാം പറയുന്നു, ഹസ്തദാനം ചെയ്യുന്നു, വീട്ടുകാരുടെ സുഖവിവരം അന്വേഷിക്കുന്നു. ജോലിസംബന്ധമായ കാര്യങ്ങൾ ചോദിക്കുന്നു. അങ്ങനെ പ്രത്യേകിച്ച് കാരണമെന്നും ഇല്ലെങ്കിലും ചൂട്, മഴ, വെള്ളക്കുറവ് തുടങ്ങി മതം, രാഷ്ട്രീയം തുടങ്ങി പലകാര്യങ്ങളും ബോധപൂർവം ചർച്ച ചെയ്യും. സംഭാവന കൊടുത്തു കഴിഞ്ഞാൽ പിന്നീട് പഴയ ചിരി ഇല്ലാതാകും. പെരുന്നാൾ അടുക്കുമ്പോഴും ചിലരുടെ പ്രത്യേക ചിരി വിടരും.

വേറെ ചിലരുണ്ട് സ്വാഭാവികമായും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ. അല്ലെങ്കിൽ എന്തെങ്കിലും കിട്ടുമെന്ന് പ്രതീക്ഷിക്കുന്നവർ. സ്വന്തം പ്രയാസങ്ങൾ പുറത്ത് പറയാതെ, കാണിക്കാതെ, എന്നാൽ വല്ലതും കിട്ടാൻ ഉള്ളാലെ ആഗ്രഹിക്കുന്നവർ. അവരെ സുമനസ്സുകൾ കണ്ടറിഞ്ഞ് സഹായിക്കുകയും ചെയ്യും.

സഹായം കിട്ടിക്കണ്ട് അതുകൊണ്ട് ജീവിക്കുന്ന ചിലരുണ്ട്. വേറെ ചിലരാകട്ടെ സാമ്പത്തിക സഹായം കിട്ടിക്കഴിഞ്ഞാൽ പിന്നെ കണ്ട ഭാവം നടിക്കാത്തവരാണ്. കണ്ടുമുട്ടിയാൽ പോലും മുൻപരിചയയം ഇല്ലാത്തപോലെ പെരുമാറിക്കളയും.

മുഖം വെട്ടിച്ച് പോകുന്നവർവരെയുണ്ട്. ഇനി അടുത്ത പിരിവ് സീസണിൽ മതി എന്നതാവാം, അതല്ലെങ്കിൽ അവർ പ്രതീക്ഷിച്ച തുക കിട്ടിയില്ല എന്നതാവാം കാരണം. എന്തായാലും സംഗതി വളരെ രസകരമാണ്. കാര്യസാധ്യത്തിന് വേണ്ടി ചിരിക്കുക. അതുകഴിഞ്ഞാൽ അപരിചിതത്വം നടിക്കുക. അല്ലെങ്കിൽ മുഖം കൊടുക്കാതെ പോകുക...!

ഇതുകൊണ്ടൊന്നും നമുക്ക് അവരോട് നീരസമോ വെറുപ്പോ തോന്നേണ്ടതില്ല. അവരെ തെറ്റു ചെയ്യുന്നവരായി കാണാനും പാടില്ല. എല്ലാ മനുഷ്യരും ഒരുപോലെയല്ലല്ലോ. നമ്മിൽ അത്തരം സ്വഭാവം കടന്നുകൂടുന്നത് നാം ശ്രദ്ധിക്കണം.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
01 JULY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

To the right goal...
Through the right path...

27th
PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE

2023 SEPTEMBER
8 9 10
@ KOZHIKODE

WISDOM students | www.profcon.in | wisdomstudents